10
2024
ഫെബ്രുവരി
ശനി
മകരം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.127 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-127 പേജ് 4. വില 2.00 രൂപ

02 മാസപ്പടി: വീണയ്ക്ക് നോട്ടീസ് നൽകിയേക്കും, എക്സാലോജിക്കുമായി ബന്ധപ്പെട്ട പരിശോധന ഉടൻ

03 മകന്റെ ഉപദ്രവം സഹിക്കവയ്യാതെ മാതാവ് ജീവനൊടുക്കാൻ ശ്രമിച്ചു

04 കല്ലെറിയാൻ വരട്ടെ: നമുക്കവരെ ചേർത്തണയ്ക്കാം

### കെ.എസ്.ആർ.ടി.സി പെൻഷൻ മുടക്കം മൂന്നാംമാസത്തിലേക്ക്

# മരുന്നിനും ഭക്ഷണത്തിനും വകയില്ലാതെ ദുരിതത്തിൽ

തിരുവനന്തപുരം: വിരമിച്ച 42,000 ജീവനക്കാരെ ദുരിതത്തിലാക്കി കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കം മൂന്നാം മാസത്തിലേയ്ക്ക് കടന്നു. മരുന്നിനും ഭക്ഷണത്തിനും വകയില്ലാതെ വലയുന്നവർ നിരവധി. പെൻഷൻ മുടക്കമില്ലാതെ നൽകണമെന്ന് ഒന്നിലധികം കോടതി വിധികളുണ്ടായിട്ടും സർക്കാർ അവഗണിക്കുന്നുവെന്ന പരാതിയാണ് പെൻഷൻകാരുടെ സംഘടകൾക്കുള്ളത്. നവംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷനാണ് കുടിശ്ശികയുള്ളത്. 230 കോടി രൂപയാണ് പെൻഷൻ വിതരണത്തിന് വേണ്ടത്.

വായ്പയായി പെൻഷൻ വിതരണം ചെയ്തിരുന്ന സഹകരണ വകുപ്പുമായുള്ള പലിശത്തർക്കമാണ് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം. ഇത്തരം സാഹചര്യങ്ങളിൽ കെ.എസ്.ആർ.ടി.സിക്കുള്ള ധനസഹായത്തിൽ നിന്ന് പെൻഷനുള്ള തുക നേരിട്ട് അനുവദിക്കാറുണ്ട്. ഒരുമാസത്തെ പെൻഷനെങ്കിലും നൽകാനുള്ള നടപടി ആരംഭിച്ചതിലാണ് നേരിയ പ്രതീക്ഷ. എന്നാൽ സഹകരണ വകുപ്പുമായുള്ള പലിശ തർക്കം പരിഹരിക്കാൻ കഴിയാത്തതിനാൽ മുടക്കമില്ലാതെ പെൻഷൻ വിതരണം ഉടനെങ്ങും നടക്കാനിടയില്ലെന്ന ഭയത്തിലാണ് മുൻ ജീവനക്കാർ.

കെ.എസ്.ആർ.ടി.സിക്ക് പെൻഷൻ വിതരണത്തിനുള്ള സാമ്പത്തികസ്ഥിതി ഇല്ലാത്തതിനാൽ 2018 മുതൽ സഹകരണബാങ്കുകളിൽ നിന്ന് കടമെടുത്താണ് പെൻഷൻ നൽകുന്നത്. കെ.എസ്.ആർ.ടി.സിക്കുള്ള ധനസഹായത്തിൽ നിന്ന് സർക്കാർ ഈ തുക തിരിച്ചടയ്ക്കും. ഇങ്ങനെ വായ്പയായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പലിശ ഉയർത്തണമെന്ന് സഹകരണവകുപ്പ് ആവശ്യപ്പെട്ടതാണ് തർക്കത്തിലേക്ക് നയിച്ചത്. ഡിസംബർ 15 ന് 8.8 ശതമാനമായി പലിശ നിശ്ചയിച്ചിരുന്നു. കൺസോർഷ്യം രൂപീകരിച്ച് ധനസമാഹരണം നടത്താൻ കേരള ബാങ്കിനെ നിയോഗിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും സഹകരണ ബാങ്കുകളിലെ പലിശനിരക്ക് പുതുക്കി.

സഹകരണ ബാങ്കുകൾ നിക്ഷേപം സ്വീകരിക്കുന്നത് ഒമ്പത് ശതമാനത്തിനാണ്. പത്തുശതമാനം പലിശ വേണമെന്നാണ് സഹകരണവകുപ്പിന്റെ ഇപ്പോഴത്തെ നിലപാട്. നേരത്തെ പെൻഷൻ വിതരണംചെയ്ത വകയിൽ പലിശ ഉൾപ്പെടെ 300 കോടി രൂപ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകേണ്ടതുണ്ട്. ഇത് വൈകുന്നതിനാൽ പെൻഷൻ കൺസോർഷ്യത്തിൽ ചേരാൻ പ്രാഥമിക സഹകരണ ബാങ്കുകൾ വിമുഖത കാട്ടുന്നുണ്ട്.



## ആനയടി ഗജമേള; കനത്ത സുരക്ഷ ഒരുക്കി കൊല്ലംഎലിഫൻറ് സ്ക്വാഡ്

തെക്കൻ കേരളത്തിലെ ഏറ്റവും വലിയ ഗജമേളയായ ആനയടി നരസിംഹസ്വാമി ക്ഷേത്രത്തിൽ ആനകൾക്കായി കനത്ത സുരക്ഷ ഒരുക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ എലിഫന്റ് സ്ക്വാഡുമെത്തി.

30 ഗജശ്രേഷ്ഠന്മാർ ഉൾപ്പെടെ 60 കരിവീരന്മാർ പങ്കെടുത്ത മേളയിൽ എലിഫൻറ് സ്ക്വാഡ് ആനകളുടെ ഡാറ്റ ബുക്ക് മുതൽ പാപ്പന്മാരുടെ ദേഹ പരിശോധന വരെ നടത്തി.

എസ്പിസി.എ ആംബുലൻസിൽ എത്തിയ സംഘം ക്യാച്ചർ ,ഹുക്ക്, പോൾ സിറിഞ്ച് , മയക്കുവെടി സംവിധാനങ്ങൾ എന്നിവ എല്ലാം സജ്ജീകരിച്ചിരുന്നു.

ബ്രത്ത് അനലൈസർ ഉപയോഗിച്ച് പാപ്പാൻമാർക്കുള്ള പരിശോധനകളും നടത്തി. ദേവന്റെ ഗ്രാമപ്രദക്ഷിണം മുതൽ ആറാട്ട് വരവിനും സേവയ്ക്കും സ്ക്വാഡ് ആനകളെ അനുഗമിച്ചു.

കൊല്ലം ചീഫ് വെറ്ററിനറി ഓഫീസർ ഡോ. ഡി.ഷൈൻകുമാറിന്റ നേതൃത്വത്തിൽ ആനചികിത്സാ വിദഗ്ധൻ, ഡോ. ബി.അരവിന്ദ, ഡോ. അഖിൽ രാജ്, ഡോ .നിശാന്ത്, ഡോ.അഫ്സൽ, ഡോ. റെജിൻ റിജുരാജ്, ഷിബു എന്നിവരാണ് സ്ക്വാഡ് നിയന്ത്രിച്ചത്.

## സാമ്പത്തിക പ്രതിസന്ധി: ഭാര്യ വാനിനു മുന്നിൽ! ചാടി മരിച്ചു; കെഎസ്ആർടിസി കണ്ടക്ടറായ ഭർത്താവ് തൂങ്ങിമരിച്ചു

പത്തനാപുരം : സാമ്പത്തിക പ്രതിസന്ധിയിൽ മനംനൊന്ത് ഭാര്യ വാനിനു മുന്നിൽ! ചാടിയും ഭർത്താവ് പറങ്കിമാവിൽ തൂങ്ങിയും മരിച്ചു. പുനലൂർ ഡിപ്പോയിലെ കെഎസ്ആർടിസി കണ്ടക്ടർ വിളക്കുടി മീനംകോട് വീട്ടിൽ വിജേഷ്(42), ഭാര്യ രാജി(36) എന്നിവരാണ് മരിച്ചത്. വ്യാഴാഴ്ച രാത്രിയിലാണ് രാജി വാനിനു മുന്നിൽ ചാടിയത്. പിന്നാലെ പറങ്കിമാവിൽ തൂങ്ങിയ വിജേഷിനെ വെള്ളിയാഴ്ച രാവിലെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

ചിട്ടി നടത്തിയായിരുന്നു ഇരുവരും ആദ്യം ഉപജീവനം കണ്ടെത്തിയിരുന്നത്. ഇതിനിടയ്ക്ക് വിജേഷിനും രാജിയുടെ മാതാവ് രാധയ്ക്കും ഹൃദയ സംബന്ധമായ അസുഖം പിടികൂടി. ഇതിന്റെ ചികിത്സയ്ക്കായി ധാരാളം പണം ചെലവഴിക്കേണ്ടി വന്നു. ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മൈക്രോ ഫിനാൻസ് യൂണിറ്റുകളിൽ നിന്നും പണം വായ്പയ്ക്കെടുത്തു. ഇതിന്റെ തിരിച്ചടവിനാൽ കൊള്ളപ്പലിശക്കാരെ സമീപിക്കുക കൂടി ചെയ്തതോടെ വൻ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇരുവരും നീങ്ങി. സംഭവ ദിവസവും, മൈക്രോഫിനാൻസ് വായ്പയുടെ തിരിച്ചടവിനായി നല്ലൊരു തുക വേണ്ടി വന്നിരുന്നു. ഇത് കണ്ടെത്താൻ കുറേ പേരെ സമീപിച്ചു. രാത്രിയായിട്ടും തുക കിട്ടാതെ വന്നതോടെയാണ് ആത്മഹത്യയിലേക്ക് നീങ്ങിയതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം

## പിഎസ്സി പരീക്ഷയിലെ ആൾമാറാട്ടവും ഇറങ്ങിയോട്ടവും: പ്രതികളായ സഹോദരന്മാർ കീഴടങ്ങി

തിരുവനന്തപുരം : ആൾമാറാട്ടം നടത്തി പിഎസ്സി പരീക്ഷ എഴുതാനെത്തി പിടിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ ഹാളിൽനിന്ന് ഓടി രക്ഷപ്പെട്ട സംഭവത്തിൽ സഹോദരന്മാർ കോടതിയിൽ കീഴടങ്ങി. നേമം ശാന്തിവിള സ്വദേശികളായ സഹോദരൻമാർ അമൽജിത്തും അഖിൽജിത്തുമാണ് അഡി.സിജെഎം കോടതിയിൽ കീഴടങ്ങിയത്. ഇരുവരെയും റിമാൻഡ് ചെയ്തു. ചേട്ടനായ അമൽജിത്തിനുവേണ്ടി അനിയൻ അഖിൽജിത്താണ് പരീക്ഷ എഴുതാൻ ഹാളിലെത്തിയത്.

അഖിൽജിത്ത് ഒന്നാം പ്രതിയും അമൽജിത്ത് രണ്ടാം പ്രതിയുമാണ്. ഉദ്യോഗാർഥികളുടെ ബയോ മെട്രിക് പരിശോധനയ്ക്ക് യന്ത്രവുമായി ഉദ്യോഗസ്ഥൻ എത്തിയപ്പോഴാണ് ആറാം നമ്പർ മുറിയിൽ ഇരുന്ന 'പകരക്കാരൻ' ഹാൾ ടിക്കറ്റുമായി പുറത്തേക്ക് ഓടിയതും പുറത്ത് റോഡരികിൽ കാത്തു നിന്ന ആളിന്റെ ബൈക്കിൽ രക്ഷപ്പെട്ടതും.

രാവിലെ 7.15 മുതൽ 9.15വരെയായിരുന്നു പരീക്ഷാ സമയം.

## മോദി 3.0, എൻഡിഎയ്ക്ക് 335 സീറ്റെന്ന് സർവേഫലം: കേരളത്തിൽ ബിജെപി അക്കൗണ്ട് തുറക്കില്ല

ന്യൂഡൽഹി : പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും മറ്റു കേന്ദ്രമന്ത്രിമാരുടെയും അവകാശവാദം പോലെ മോദി 3.0 സംഭവിക്കുമെന്ന് ഇന്ത്യ ടുഡേ 'മൂഡ് ഓഫ് ദി നേഷൻ' സർവേ. എന്നാൽ 370ൽ കൂടുതൽ സീറ്റുകൾ നേടുമെന്ന മോദിയുടെ അവകാശവാദത്തിൽ ചെറിയ തിരുത്തലുകൾ സർവേ പറയുന്നു. വിവിധ ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന 35,801 പേരെയാണ് സർവേയിൽ ഉൾപ്പെടുത്തിയത്.

ഇപ്പോൾ തിരഞ്ഞെടുപ്പ് നടത്തിയാൽ എൻഡിഎ സഖ്യം 335 സീറ്റുകൾ നേടുമെന്നുമാണു സർവേ പറയുന്നത്. ഇന്ത്യ മുന്നണി 166 സീറ്റുകൾ നേടുമെന്നാണു പ്രവചനം. കേവല ഭൂരിപക്ഷത്തിന് 272 സീറ്റുകളാണ് വേണ്ടത്. ജനങ്ങളുടെ മനസ്സറിയാൻ ഡിസംബർ 15 മുതൽ ജനുവരി 28 വരെയുള്ള തീയതികളിൽ നടത്തിയ സർവേയിലാണ് എൻഡിഎയ്ക്ക് അനുകൂല ഫലം.

ആകെയുള്ള 543 സീറ്റുകളിൽ ബിജെപി 304 സീറ്റുകൾ നേടുമെന്നാണു സർവേ പറയുന്നത്. കഴിഞ്ഞ തവണ(303)ത്തേക്കാൾ ഒരു സീറ്റ് ബിജെപി വർധിപ്പിക്കുമെന്നു പറയുന്നു. 2019ൽ 52 സീറ്റുകൾ നേടിയ കോൺഗ്രസ് ഇത്തവണ 19 സീറ്റുകൾ കൂട്ടി 71 നേടുമെന്നാണ് റിപ്പോർട്ട്. മറ്റു പ്രാദേശിക പാർട്ടികളും സ്വതന്ത്രരും ചേർന്ന് 168 സീറ്റുകളും നേടിയേക്കുമെന്നാണു പ്രവചനം. കേരളത്തിൽ ബിജെപി ഇത്തവണയും അക്കൗണ്ട് തുറക്കില്ലെന്നാണു സർവേ ഫലം. 'ഇന്ത്യ' മുന്നണി കേരളത്തിലെ 20 ലോക്സഭ സീറ്റുകളും സ്വന്തമാക്കുമെന്നും പറയുന്നു. എന്നാൽ കഴിഞ്ഞ തവണ 83 ശതമാനമാണ് ഇന്ത്യ മുന്നണിയിലെ പാർട്ടികളുടെ വോട്ട് ശതമാനമെങ്കിൽ ഇത്തവണ അത് 78 ശതമാനമായി കുറയും. എൻഡിഎയുടെ വോട്ട് ശതമാനം 15 ശതമാനത്തിൽ നിന്ന് 17 ശതമാനമായി ഉയരും.

## പണ്ഡിറ്റ് ഭീംസെൻ ജോഷി ഓർമ ദിവസം 24/01

# സിംഹനാദം

**മോഹൻ ശ്രീശൈലം**



പണ്ഡിറ്റ് ഭീംസെൻ ജോഷി എന്ന പേരിലാണ് കൂടുതലും അറിയപ്പെടുന്നത്. ഭാരതത്തിലെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ ഭാരതരത്നം 2008ൽ ഭീംസെൻ ജോഷിയ്ക്കാണ് ലഭിച്ചത്. 1999ൽ അദ്ദേഹത്തിന് ഭാരതത്തിലെ രണ്ടാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മ വിഭൂഷൺ ലഭിച്ചിരുന്നു.

തന്റെ ഗുരു സവായ് ഗന്ധർവയുടെ അറുപതാം ജന്മദിനം പ്രമാണിച്ച് 1947ൽ പൂനയിൽ വച്ചു നടന്ന സുപ്രധാന സംഗീതോത്സവമായ സവായ് ഗാന്ധർവ സംഗീതോത്സവത്തിൽ കച്ചേരി അവതരിപ്പിച്ചാണ് അദ്ദേഹത്തിന്റെ പ്രശസ്തിയിലേക്കുള്ള യാത്രയുടെ തുടക്കം. പൂനയിലെ സുപ്രധാന സംഗീതോത്സവമായ സവായ് ഗാന്ധർവ സംഗീതോത്സവം എല്ലാ വർഷവും ഡിസംബറിൽ ആഘോഷിച്ചു വരുന്നു.

വാർദ്ധക്യസഹജമായ അസുഖം മൂലം 2011ജനുവരി 24 ന് രാവിലെ 8 മണിക്ക് പൂനയിലെ സ്വകാര്യ ആശുപത്രിയിൽ വച്ച് അന്തരിച്ചു.

കർണാടകത്തിലെ ധാർവാഡ് ജില്ലയിൽ ബ്രാഹ്മണ കുടുംബത്തിലാണ് ഭീംസെൻ ജോഷി ജനിച്ചത്. പിതാവ്, അധ്യാപകനായ ഗുരുരാജ് ജോഷി. ഭാര്യ സുനന്ദ കാത്തി. തുടർന്ന് വത്സല മുധോൽക്കറിനെ വിവാഹം കഴിച്ചു. ഏഴ് മക്കളുണ്ട്.

ദൂരദർശനിലൂടെ പ്രശസ്തമായ 'മിലേ സുർ മേരാ തുമാരാ...' എന്ന ദേശഭക്തിഗാനം വഴി സാധാരണക്കാർക്കു കൂടി പരിചിതനായ ഭീംസെൻ, ഘനഗംഭീര ശബ്ദം, പാടുമ്പോഴുള്ള കൃത്യമായ ശ്വാസനിയന്ത്രണം, സംഗീതത്തിൽ ആഴത്തിലുള്ള അവഗാഹം എന്നിവ കാരണം ഹിന്ദുസ്ഥാനി സംഗീതലോകത്തെ ഇതിഹാസമായി മാറുകയായിരുന്നു.

ഫുല ദേശ് പാണ്ഡെയുടെ മറാത്തി ചലച്ചിത്രമായ 'ഗുൽച്ച ഗണപതി'യിലും 'ബസന്ത് ബഹർ', 'ഭൈരവി' എന്നീ ഹിന്ദി സിനിമകളിലും പാടിയിട്ടുണ്ട്. മറാഠി ഭക്തി സംഗീതത്തിന്റെ പാരമ്പര്യവഴികളെ തൊട്ടറിഞ്ഞ 'സന്ത് വാണി' ആലാപനത്തിലൂടെ മഹാരാഷ്ട്രയിലും കർണാടകയിലും അദ്ദേഹം ജനകീയനായിരുന്നു.

താൻസന്റെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച ബംഗാളി സിനിമയിൽ അദ്ദേഹം ധ്രുപദ് സംഗീതം ആലപിച്ചിരുന്നു. മൂന്ന് 'പദ്മ' പുരസ്കാരങ്ങളും പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നവും നേടിയ രണ്ടു പേരിൽ ഒരാളാണ് പണ്ഡിറ്റ് ഭീംസെൻ ജോഷി

## സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റും: മന്ത്രി എം.ബി. രാജേഷ്

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള 'ഡിജി കേരളം' ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ വിജയം ഉറപ്പ് വരുത്താൻ എല്ലാവരും സഹകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളും 2024 ഒക്ടോബർ അവസാനത്തോടെ പൂർത്തിയാക്കി 2024 നവംബർ ഒന്നിലെ കേരളപ്പിറവി ദിനത്തിൽ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുമെന്നും മന്ത്രി പറഞ്ഞു.

ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത തദ്ദേശസ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ, ജില്ലാ ജോയിന്റ് ഡയറക്ടർമാർ എന്നിവരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജി കേരളം പദ്ധതിയുടെ പ്രചരണാർത്ഥം വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2024 ഫെബ്രുവരി 11 മുതൽ 18 വരെ 'ഡിജി വാര' മായി ആഘോഷിക്കും. ഫെബ്രുവരി 11 ന് സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമുള്ള എല്ലാ വാർഡുകളിലും 'ഡിജി സഭ' ചേരുമെന്നും മന്ത്രി അറിയിച്ചു. ഫെബ്രുവരി 18 ന് പ്രത്യേക അയൽക്കൂട്ട യോഗങ്ങളും ചേരും. വാർഡുകളിൽ ഫെബ്രുവരി 21 ന് സർവേ ആരംഭിക്കും. തുടർന്ന് ഡിജിറ്റൽ സാക്ഷരരല്ലാത്തവരുടെ എണ്ണം കണ്ടെത്തി പരിശീലനം ആരംഭിക്കും. കുടുംബശ്രീയുടെ 'ബാക്ക് ടു സ്കൂൾ' മാതൃകയിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സ്കൂളുകൾ, ലൈബ്രറി കൗൺസിലുമായി സഹകരിച്ച് വായനശാലകൾ എന്നിവിടങ്ങളിൽ സായാഹ്ന ക്ലാസ്സുകൾ സംഘടിപ്പിക്കും. സ്കൂളുകളിലേക്കും വായനശാലകളിലേക്കും എത്തിപ്പെടാൻ കഴിയാത്തവർക്കായി അവരുടെ വീടുകളിലെത്തി പരിശീലനം നൽകും. അനാഥാലയങ്ങൾ, പുവർഹോമുകൾ, ആശുപത്രികൾ, ജയിൽ തുടങ്ങിയ ഇടങ്ങളിൽ അവിടെയുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ഡിജിറ്റൽ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം.ജി. രാജമാണിക്യം അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ , ലൈബ്രറി കൗൺസിൽ,എസ് സി / എസ് ടി പ്രൊമോട്ടർമാർ, എൻ എസ് എസ്, എൻ സി സി, എൻ വൈ കെ, സന്നദ്ധ സേന വളണ്ടിയർമാർ, യുവജന ക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ യുവാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവരെ ഉപയോഗിച്ച് വിവരശേഖരണവും പരിശീലനവും മൂല്യനിർണയവും നടത്തും. താത്പര്യമുള്ളവർക്ക് വളണ്ടിയറായി രജിസ്റ്റർ ചെയ്യുന്നതിന് ഡിജി കേരളം പദ്ധതിയുടെ വെബ് പോർട്ടലിലെ https://app. digikeralam.lsgkerala.gov.in/vol-unteer എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം.

## മുപ്പതിലധികം മഹാസമ്മേളനങ്ങൾ പതിനഞ്ചു ലക്ഷം പ്രവർത്തകർ

# കെപിസിസി 'സമരാഗ്നി' ജനകീയ പ്രക്ഷോഭയാത്രയ്ക്ക് തുടക്കം

തിരുവനന്തപുരം : കേന്ദ്ര സംസ്ഥാന സർക്കാരുകളെ കുറ്റവിചാരണ ചെയ്യുന്ന കെപിസിസിയുടെ 'സമരാഗ്നി' ജനകീയ പ്രക്ഷോഭയാത്ര (ഇന്ന്) ഫെബ്രുവരി 9ന് കാസർഗോഡ് നിന്ന് ആരംഭിക്കുമെന്ന് കെപിസിസി ജനറൽ സെക്രട്ടറിമാരായ ടിയു രാധാകൃഷ്ണൻ (സംഘടനാ ചുമതല), ദീപ്തിമേരി വർഗീസ് (മീഡിയ ചുമതല) എന്നിവർ അറിയിച്ചു. കെ. പി. സി. സി പ്രസിഡന്റ് കെ. സുധാകരൻ എം. പിയും പ്രതിപക്ഷ നേതാവ് വി. ഡി. സതീശനും സംയുക്തമായി നയിക്കുന്ന ജാഥ 29 ന് തിരുവനന്തപുരത്ത് സമാപിക്കും.

9ന് വൈകുന്നേരം 4ന് കാസർഗോഡ് മുനിസിപ്പൽ മൈതാനത്ത് നിന്ന് ആരംഭിക്കുന്ന സമരാഗ്നിയുടെ ഉദ്ഘാടനം എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ എംപി നിർവ്വഹിക്കും.

കേരളത്തിന്റെ ചുമതല വഹിക്കുന്ന എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങളായ രമേശ് ചെന്നിത്തല, ശശി തരൂർ എംപി, കൊടിക്കുന്നിൽ സുരേഷ് എംപി, യുഡിഎഫ് കൺവീനർ എംഎം ഹസൻ, കെപിസിസി പ്രചാരണ സമിതി ചെയർമാൻ കെ. മുരളീധരൻ, കെപിസിസി ഭാരവാഹികൾ, കെപിസിസി രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, ഡിസിസി പ്രസിഡന്റുമാർ, എംപിമാർ, എംഎൽഎമാർ ഉൾപ്പെടെയുള്ളവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

പതിനാല് ജില്ലകളിലും പര്യടനം നടത്തുന്ന സമരാഗ്നിയിൽ മുപ്പത്തിലധികം മഹാസമ്മേളനങ്ങളാണ് സംഘടിപ്പിക്കുന്നത്.

കോഴിക്കോട് കടപ്പുറത്തും കൊച്ചി മറൈൻ ഡ്രൈവിലും തൃശൂർ തേക്കിൻകാട് മൈതാനത്തും തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനത്തും ഉൾപ്പെടെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം സമ്മേളനങ്ങൾ സംഘടിപ്പിക്കും. മഹാസമ്മേളനങ്ങളിൽ പതിനഞ്ച് ലക്ഷത്തോളം പ്രവർത്തകരെ അണിനിരത്തും. തിരുവനന്തപുരം, എറണാകുളം, പാലക്കാട്, മലപ്പുറം, ഇടുക്കി ജില്ലകളിൽ മൂന്ന് വീതവും കണ്ണൂർ, കോഴിക്കോട്, തൃശൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിൽ രണ്ടുവീതവും കാസർഗോഡ്, വയനാട്, പത്തനംതിട്ട ജില്ലകളിൽ ഒന്നുവീതവും പൊതുസമ്മേളനങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. ഭൂരിഭാഗം ദിവസവും വൈകുന്നേരങ്ങളിലാണ് പൊതുസമ്മേളനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മൂന്നാഴ്ച നീളുന്ന സമരാഗ്നിയുടെ സമാപനസമ്മേളനത്തിൽ എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയോ, പ്രിയങ്കാ ഗാന്ധിയോ പങ്കെടുപ്പിക്കാനാണ് ആലോചന.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ദുർഭരണം സാധാരണ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടാക്കിയിരിക്കുന്നത്. അതിനെതിരായ ജനകീയ പോരാട്ടം കൂടിയാകും സമരാഗ്നി. കേവലം രാഷ്ട്രീയ പ്രചരണ ജാഥ എന്നതിനപ്പുറം സാധാരണ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ചർച്ച ചെയ്തും അവരുടെ ജീവിതത്തെ സ്പർശിച്ചുമായിരിക്കും യാത്ര കടന്നു പോകുന്നത്.

എല്ലാ ദിവസവും രാവിലെ കെപിസിസി പ്രസിഡന്റും പ്രതിപക്ഷ നേതാവും കഷ്ടതകൾ അനുഭവിക്കുന്ന സാധാരണക്കാരുമായി കൂടിക്കാഴ്ച നടത്തി അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ജനകീയ സദസ്സ് സംഘടിപ്പിക്കും. രാവിലെ 10 മുതൽ 12 മണി വരെയാണ് ജനകീയ ചർച്ചാ സദസ്. പിണറായി വിജയന്റെ ജനസദസ്സ് ബാർ ക്വാറി മാഫിയകളുടെ സംഭാവന സ്വീകരിച്ച് നടത്തിയതാണ്.

കർഷകർ, തൊഴിലാളികൾ, യുവജനങ്ങൾ, സ്ത്രീകൾ, ജനകീയ സമരങ്ങളിൽ പങ്കെടുത്തവർ, കലാസാഹിത്യരംഗത്തെ പ്രമുഖർ, പോലീസിന്റെയും മാഫിയകളുടെയും അക്രമത്തിനിരായവർ, ദുരിതമനുഭവിക്കുന്ന പ്രവാസികൾ, ലൈഫ് ഉൾപ്പെടെയുള്ള ജനക്ഷേമ പദ്ധതിയിൽനിന്നും തഴയപ്പെട്ടവർ, സാമൂഹികക്ഷേമ പെൻഷൻ കിട്ടാത്തവർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളിൽനിന്നും പരാതികൾ കേൾക്കും. അത് ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറും. അതിൽ നടപടി സ്വീകരിക്കാൻ തുടർച്ചയായി സമ്മർദ്ദം ചെലുത്തും

കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു ചെയർമാനും സജി ജോസഫ് എംഎൽഎ കൺവീനറുമായിട്ടുള്ള സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ടി സിദ്ദിഖ് എംഎൽഎയാണ് ചീഫ് കോഓർഡിനേറ്റർ. സമരാഗ്നി ഘോഷയാത്രയും പൊതുസമ്മേളന പരിപാടികളും ജനകീയ ചർച്ചാ സദസും ഉൾപ്പെടെ എല്ലാ പരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചായിരിക്കും നടപ്പാക്കുന്നത്. അതിനായി സേവാദളിന്റെയും പോഷക സംഘടനകളുടെയും വോളണ്ടിയർമാരെ പ്രത്യേകമായി നിയോഗിക്കും.

# പിഎസ്‌സി പരീക്ഷാ കേന്ദ്രത്തിലെ ആൾമാറാട്ടം; മുഖ്യ ആസൂത്രകൻ ഒളിവിൽ

തിരുവനന്തപുരം: പൂജപ്പുരയിലെ പിഎസ്‌സി പരീക്ഷാ കേന്ദ്രത്തിലെ ആൾമാറാട്ടത്തിനു പിന്നിലെ മുഖ്യ ആസൂത്രകൻ നേമം സ്വദേശിയായ അമൽജിത്താണെന്ന് പൂജപ്പുര പോലീസ്.

ഇയാൾ ഒളിവിലാണ്. ഇയാൾക്ക് വേണ്ടി അന്വേഷണം ഊർജിതമാക്കിയെന്ന് പോലീസ് പറഞ്ഞു.ബുധനാഴ്ച രാവിലെ ഏഴരയോടെയാണ് പൂജപ്പുരയിലെ ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹൈസ്കൂളിലെ പരീക്ഷ കേന്ദ്രത്തിൽ നിന്നും പരീക്ഷ എഴുതാനെത്തിയ ഉദ്യോഗാർഥി ഇറങ്ങിയോടിയത്. യൂണിവേഴ്സിറ്റി ലാസ്റ്റ് ഗ്രേഡ് സെർവെൻറ്സ് മെയിൻ പരീക്ഷ കേന്ദ്രത്തിലായിരുന്നു സംഭവം നടന്നത്.

ബയോമെട്രിക് സംവിധാനത്തിലൂടെ ഹാൾടിക്കറ്റ് പരിശോധിക്കുന്നതിനിടെയാണ് ഉദ്യോഗാർഥി പരീക്ഷാ കേന്ദ്രത്തിലെ മതിൽ ചാടികടന്ന് രക്ഷപ്പെട്ടത്. അമൽജിത്തിന് വേണ്ടി ആൾമാറാട്ടം നടത്തി പരീക്ഷ എഴുതാനെത്തിയ യുവാവാണ് രക്ഷപ്പെട്ടതെന്ന് പോലീസ് പറഞ്ഞു.

റോഡിൽ ബൈക്കിൽ കാത്ത് നിന്നത് അമൽജിത്തായിരുന്നുവെന്നും ഇയാളുടെ വാഹനത്തിലാണ് പരീക്ഷ എഴുതാനെത്തിയ യുവാവ് രക്ഷപ്പെട്ടതെന്നും പോലീസ് പറഞ്ഞു. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം ഊർജിതമാക്കി.

# വയോധികയുടെ കഴുത്തിലെ നാലുപവൻെറ മാല കവർന്നു; യുവതി അറസ്റ്റിൽ

തിരുവനന്തപുരം: വീട്ടിൽ കയറി വയോധികയുടെ കഴുത്തിലെ നാലുപവൻെറ മാല മോഷ്ടിച്ച യുവതി അറസ്റ്റിൽ. തിരുവനന്തപുരം വട്ടിയൂർക്കാവ് കരുംകുളം ഓമന വിലാസത്തിൽ ജയലക്ഷ്മി(32)യെയാണ് പോലീസ് പിടികൂടിയത്.

വെള്ളായണി തെന്നൂർ അങ്കലംപാട്ട് വീട്ടിൽ റിട്ട. എസ്ഐ ഗംഗാധരൻ നായരുടെ ഭാര്യ ശാന്തകുമാരി(74)യുടെ കഴുത്തിൽക്കിടന്ന മാലയാണ് ഇവർ കവർന്നത്. ബുധനാഴ്ചയാണ് സംഭവം.

ഒരാളെക്കുറിച്ച് അന്വേഷിക്കാനെന്ന വ്യാജേനയാണ് യുവതി വയോധികരുടെ വീട്ടിലെത്തിയത്. ഏറെ നേരെ സംസാരിച്ചതിന് ശേഷം കുടിക്കാൻ വെള്ളം ആവശ്യപ്പെട്ടു. വെള്ളമെടുക്കാൻ അടുക്കളയിലേക്ക് കയറിയ ശാന്തകുമാരിയ്ക്കൊപ്പം ജയലക്ഷ്മിയും വീടിനുള്ളിൽ കയറി.

വീട്ടിൽ ആരുമില്ലെന്ന് മനസിലാക്കിയ ജയലക്ഷ്മി ശാന്തകുമാരിയുടെ കഴുത്തിൽക്കിടക്കുന്ന മാലയുടെ കൊളുത്ത് ഇളകിക്കിടക്കുന്നതായി പറഞ്ഞു. ശാന്തകുമാരി മാല ഊരി കൈയിലെടുത്ത് പരിശോധിക്കുന്നതിനിടെ മാല തട്ടിയെടുത്ത് ഇവർ ഓടുകയായിരുന്നു.

റോഡിലേക്ക് ഇറങ്ങിയ യുവതി സ്കൂട്ടറിൽ കാത്തുനിന്ന മറ്റൊരു സ്ത്രീയുടെ കൂടെയാണ് രക്ഷപ്പെട്ടത്. ഉടൻ തന്നെ വൃദ്ധ ദമ്പതികൾ പോലീസിൽ വിവരമറിയിച്ചു.

തുടർന്ന് സ്ഥലത്ത് എത്തിയ പോലീസ് സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ ഇടപ്പഴഞ്ഞി ഭാഗത്തുവെച്ച് വൈകീട്ടോടെ പിടികൂടിയത്. കേസിൽ പ്രതിയെ രക്ഷപ്പെടാൻ സഹായിച്ച സ്ത്രീയെ പിടികൂടിയിട്ടില്ല.

# മാസപ്പടി: വീണയ്ക്ക് നോട്ടീസ് നൽകിയേക്കും, എക്സാലോജിക്കുമായി ബന്ധപ്പെട്ട പരിശോധന ഉടൻ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ വീണയ്ക്കെതിരെയുള്ള മാസപ്പടിക്കേസിൽ കേന്ദ്ര ഏജൻസിയായ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൻറെ (എസ്എഫ്ഐഒ) അന്വേഷണസംഘം വീണ വിജയന് രേഖകൾ ഹാജരാക്കാൻ ഉടൻ നോട്ടീസ് നൽകിയേക്കും. രേഖകൾ പരിശോധിച്ചശേഷം വീണയിൽ നിന്നും വിവര ശേഖരണം നടത്തും.

സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) ആസ്ഥാനത്ത് ഇന്നലെ എസ്എഫ്ഐഒ പരിശോധന നടത്തിയിരുന്നു.

കരിമണൽ കമ്പനിയായ സിഎംആർഎല്ലിൻറെ ആലുവയിലെ ഓഫീസിലും കഴിഞ്ഞ ദിവസം എസ്എഫ്ഐഒ സംഘം പരിശോധന നടത്തുകയും ജീവനക്കാരിൽനിന്നു വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു.

അടുത്തപടിയായി വീണയുടെ കമ്പനിയായ എക്സാലോജിക്കിൻറെ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് അന്വേഷണ സംഘം ഉടൻ നോട്ടീസ് നൽകുമെന്നാണറിയുന്നത്.രാഷ്ട്രീയപാർട്ടി നേതാക്കൾ, സർക്കാർ ഉദ്യോഗസ്ഥർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ കരിമണൽ കമ്പനിയിൽനിന്നു മാസപ്പടി വാങ്ങിയിട്ടുണ്ടെന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികയിലുള്ള മുഴുവൻ പേരെയും എസ്എഫ്ഐഒ സംഘം വിളിച്ച് വരുത്തി മൊഴിയെടുക്കും.

അതേ സമയം എസ്എഫ്ഐഒ യുടെ അന്വേഷണം സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് കെഎസ്ഐഡിസി ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. ഈ ഹർജിയിൽ കോടതി കേന്ദ്ര കോർപ്പറേറ്റ്കാര്യ മന്ത്രാലയത്തിൻറെ മറുപടി തേടിയിട്ടുണ്ട്. ഉടൻ തന്നെ കോർപ റേറ്റ് കാര്യ മന്ത്രാലയം കോടതിയിൽ തങ്ങളുടെ നിലപാട് അറിയിക്കും.

ബംഗളൂരു രജിസ്ട്രാർ ഓഫ് കമ്പനീസിൻറെ അന്വേഷണത്തിൽ സിഎംആർഎലുമായി എക്സാലോജിക്കിനുണ്ടായ ഇടപാടിൽ കെഎസ്ഐഡിസിയുടെ പങ്കാണു പരിശോധിക്കുന്നത്.അഡീഷണൽ ഡയറക്ടർ പ്രസാദ് അദേല്ലി, ഡപ്യൂട്ടി ഡയറക്ടർ എം.അരുൺ പ്രസാദ്, കെ. പ്രഭു, എ. ഗോകുൽനാഥ്, കെ.എം.എസ്. നാരായൺ, ബി.എസ്. വരുൺ എന്നിവരടങ്ങിയ സംഘമാണ് അന്വേഷിക്കുന്നത്.

ലോക്സഭ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തി നിൽക്കേ മാസപ്പടി കേസിനെ രാഷ്ട്രീയമായി നേരിടാനാണ് എൽഡിഎഫ് തീരുമാനിച്ചിരിക്കുന്നത്. രാഷ്ട്രീയ പകപോക്കലാണ് അന്വേഷണമെന്ന അഭിപ്രായമാണ് എൽഡിഎഫ് നേതാക്കൾ താഴേതട്ടിലുള്ള അണികൾക്ക് നൽകിയിരിക്കുന്നത്.

# ബിജു പ്രഭാകർ കെഎസ്ആർടിസി എംഡി സ്ഥാനത്തുനിന്നു മാറും പ്രദീപ് ചാത്തന്നൂർ

തിരുവനന്തപുരം: കെഎസ്ആർടിസി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബിജു പ്രഭാകർ സിഎംഡി സ്ഥാനം ഒഴിയും. ഈ ചുമതലയിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്ക് അദ്ദേഹം കത്ത് നൽകി.

നിലവിൽ ഗതാഗതവകുപ്പ് സെക്രട്ടറിയാണ് ബിജു പ്രഭാകർ. ഗതാഗതവകുപ്പ് സെക്രട്ടറി പദവിയിൽ നിന്ന് ഒഴിവാകാൻ അദ്ദേഹം സന്നദ്ധതയറിയിച്ചിട്ടുണ്ട്. ഇനി ഒന്നേകാൽ വർഷം കൂടി ബിജു പ്രഭാകറിന് സർവീസ് കാലാവധിയുണ്ട്.

ഗതാഗത മന്ത്രിയായി കെ.ബി. ഗണേഷ് കുമാർ ചുമതലയേറ്റതു മുതൽ മന്ത്രിയും സിഎംഡിയും തമ്മിൽ സ്വരച്ചേർച്ചയിലല്ല. ഇലക്ട്രിക് ബസ് വിവാദം നീരസം ഒന്നുകൂടി വർധിപ്പിക്കുകയും ചെയ്തു. അടുത്ത കാലത്തായി നിയമിക്കപ്പെട്ട ജോയിൻറ് മാനേജിംഗ് ഡയറക്ടർ പ്രമോജ് ശങ്കറാണ് കെഎസ്ആർടിസിയിലെ ഭരണം നിയന്ത്രിക്കുന്നത്.

അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗി (എഎസ്ആടിയു) ൻറെ സമ്മേളനത്തിൽ പങ്കെടുക്കാനായി ഓസ്ട്രേലിയയിൽ പോയിരുന്ന ബിജു പ്രഭാകർ കഴിഞ്ഞ 28ന് തിരിച്ചെത്തിയിട്ടും ഇതുവരെ സിഎംഡിയുടെ ചുമതല ഏറ്റെടുക്കുകയോ കെഎസ്ആർടിസി ഓഫീസിൽ പോവുകയോ ചെയ്തിട്ടില്ല.

ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന വിഷയത്തിലടക്കം സിഎംഡിയും മന്ത്രിയും തമ്മിൽ വിയോജിപ്പുണ്ട്. ടോമിൻ ജെ. തച്ചങ്കരി മൂന്നര വർഷം കെഎസ്ആർടിസിയിൽ സിഎ ഡിയായി പ്രവർത്തിച്ചിരുന്നു. അന്ന് ഇതിലേറെ കഷ്ടമായിരുന്നു കെഎസ്ആർടിസിയുടെ നില എങ്കിലും ജീവനക്കാർക്ക് അദ്ദേഹം കൃത്യമായി ശമ്പളം നല്കിയിരുന്നു.

ഇപ്പോൾ കെഎസ്ആർടിസിയിൽ പ്രതിമാസ ടിക്കറ്റ് വരുമാനം ശരാശരി 220 കോടിയോളമുണ്ട്. പരസ്യ വിഭാഗത്തിൻറെ ചുമതലയുണ്ടായിരുന്ന മാനേജരെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും ചെയ്തു.

കെഎസ്ആർടിസിയിൽ ശുദ്ധികലശം തന്നെയാണ് മന്ത്രി ലക്ഷ്യമിടുന്നതെന്ന് വ്യക്തം. മന്ത്രിയുമായി വിയോജിച്ചു കൊണ്ട് ബിജു പ്രഭാകറിന് സിഎംഡി സ്ഥാനത്ത് തുടരാൻ കഴിയില്ലെന്നതും യാഥാർഥ്യമാണ്.

# അപ്രന്റീസുകളെ തിരഞ്ഞെടുക്കുന്നു

സംസ്ഥാനത്തെ വിവിധ സർക്കാർ /പൊതുമേഖലാ / സ്വകാര്യ സ്ഥാപനങ്ങളിലെ ആയിരത്തിൽപരം ഒഴിവുകളിലേക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിങ്ങും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും ചേർന്ന് അപ്രന്റീസുകളെ തിരഞ്ഞെടുക്കുന്നു.

ത്രിവത്സര പോളിടെക്സിക് ഡിപ്ലോമ, ബി.ടെക്, ബി.എ, ബി.എസ്.സി, ബി.കോം പാസ്സായി അഞ്ച് വർഷം കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കുമാണ് അവസരം. ബി.ടെക്, ബി.എ, ബി.എസ്.സി, ബി.കോം കുറഞ്ഞത് 9000 രൂപയും, ഡിപ്ലോമ കുറഞ്ഞത് 8000 രൂപയും സ്റ്റൈപന്റ് ലഭിക്കും. പരിശീലനത്തിനു ശേഷം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യാ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുണ്ട്.

താല്പര്യമുള്ളവർ എസ് ഡി സെന്ററിൽ രജിസ്റ്റർ ചെയ്ത ശേഷം ഇമെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡും സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും അസലും, പകർപ്പുകളും വിശദമായ ബയോഡാറ്റയുടെ പകർപ്പുകളും സഹിതം ഫെബ്രുവരി 29 നു രാവിലെ 9 നു ഇടുക്കി നെടുങ്കണ്ടം ഗവ. പോളിടെക്നിക്കിൽ ഇന്റർവ്യൂന് ഹാജരാകണം. അപേക്ഷകന്റെ ഇഷ്ടാനുസരണം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുടെ ഇന്റർവ്യൂവിൽ പങ്കെടുക്കാം. സ്ഥാപനങ്ങളുടെ എണ്ണത്തിന് അനുസൃതമായി മാർക് ലിസ്റ്റുകൾ, ബയോഡാറ്റ എന്നിവയുടെ പകർപ്പുകൾ കരുതണം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഉദ്യോഗാർത്ഥികൾ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ 27നു മുൻപ് sdcetnre.org വഴി രജിസ്റ്റർ ചെയ്യണം. ഫോൺ: 0484 2556530.

# ഊർജ്ജ സംരക്ഷണത്തിന്റെ വിവിധ തലങ്ങൾ: ജന ശ്രദ്ധ നേടി അന്താരാഷ്ട്ര ഊർജ്ജമേള

ഊർജ്ജ പരിവർത്തനത്തിന് പ്രാധാന്യം നൽകി തിരുവനന്തപുരം ടാഗോർ തീയറ്ററിൽ നടക്കുന്ന അന്താരാഷ്ട്ര ഊർജ്ജ മേള രണ്ടാം ദിവസവും പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ 28ാം സ്ഥാപകദിനത്തോട് അനുബന്ധിച്ചാണ് ത്രിദിന ഊർജ്ജ മേള സംഘടിപ്പിച്ചത്. സുസ്ഥിര വികസന ഊർജ പരിവർത്തന മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് മേള നടക്കുന്നത്. ഇ.എം.സി യും ഇ.ഇ.എസ്.എൽ ഉം ചേർന്ന് നടപ്പിലാക്കിയ ഇസൈക്കിൾ പരിപാടിയുടെ ഉദ്ഘാടനവും ആ ശു പ ത്രി ക ളി ൽ ഇ.എം.സി. നടത്തിവരുന്ന ചൈതന്യം പദ്ധതിയുടെ റിപ്പോർട്ട് പ്രകാശനവും, കേരളത്തിൽ ഊർജ കാര്യക്ഷമതയുള്ള ശീതികരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച ധാരണാപത്രം ഒപ്പിടലും മേളയുടെ ഭാഗമായി നടന്നു.

കേരളത്തിലെ ഊർജ പരിവർത്തനം, ബഹിരാകാശത്തെ ഊർജം, കാർബൺ വമനം കുറഞ്ഞ കെട്ടിടങ്ങൾ, ഇകുക്കിംഗ്, ആണവ സാങ്കേതികവിദ്യയിലെ അനന്ത സാധ്യതകൾ, ഭാവിയിലേക്കായി ഊർജ്ജ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ദേശീയ അന്തർദേശീയ മേഖലകളിലെ വിദഗ്ധർ നയിക്കുന്ന ചർച്ചകൾക്കും രണ്ടാം ദിവസമായ ഇന്ന് ഊർജ്ജ മേള വേദിയായി.

ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ, ഐ.എസ്.ആർ.ഒ, സെന്റർ ഫോർ സ്റ്റഡി ഓഫ് സയൻസ്, ടെക്നോളജി ആൻഡ് പോളിസി (സിസ്റ്റെപ്) ഇന്ത്യ സ്മാർട്ട് ഗ്രിഡ് ഫോറം (ഐ.എസ്.ജി.എഫ്), എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ) വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (ഡബ്ജ്യൂആർഐ) ജി.ഐ.ഇസഡ്, അലയൻസ് ഫോർ ആൻ എനർജി എഫിഷ്യന്റ് ഇക്കോണമി, വസുധ ഫൗണ്ടേഷൻ, ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട്, ദ എനർജി റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട്, മോഡേൺ എനർജി കുക്കിംഗ് സർവീസസ്, കൗൺസിൽ ഓൺ എനർജി എൻവയോൺമെന്റ് ആൻഡ് വാട്ടർ, ഫിനോവിസ്റ്റ, സെന്റർ ഫോർ റിസർച്ച് ഓൺ ദ ഇക്കണോമിക്സ് ഓഫ് ക്ളൈമറ്റ് ഫൂഡ് എനർജി ആൻഡ് എൻവയോൺമെന്റ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരാണ് ഊർജ പരിവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ പാനൽ ചർച്ചകൾ കൈകാര്യം ചെയ്യുന്നത്.ഊർജ്ജ കാര്യക്ഷമതാ ഉത്പന്നങ്ങളുടെ ക്ലിനിക്കുകൾ, മറ്റ് ശാസ്ത്ര സാങ്കേതിക മേഖലകളെ പരിചയപ്പെടുത്തുന്ന എക്സിബിഷനുകൾ, ഇലക്ട്രിക്ക് പ്രഷർ കുക്കർ, ഇലക്ട്രിക്ക് സൈക്കിൾ എന്നിവ പരിചയപ്പെടുത്തുന്ന സ്റ്റാളുകളും മേളയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഫെബ്രുവരി 7ന് ആരംഭിച്ച അന്താരാഷ്ട്ര ഊർജ്ജ മേള 9ന് സമാപിക്കും.

# തിരുവനന്തപുരത്ത് ഭർത്താവ് ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ചു

തിരുവനന്തപുരം: കിളിമാനൂരിൽ ഭർത്താവ് ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ചു. പുതുമംഗലം കാരിക്കുഴി കോളനിയിൽ കുക്കു എന്ന യുവതിക്കാണ് വെട്ടേറ്റത്. സംഭവത്തിന് പിന്നാലെ ഭർത്താവ് ഗിരീഷ് (40) കിളിമാനൂർ പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങി.

കഴുത്തിനാണ് കുക്കുവിന് വെട്ടേറ്റത്. വിദഗ്ധ ചികിത്സയ്ക്കായി ഇവരെ തിരുവനന്തപുരം മെഡിക്കൽ കോളജിലേക്ക് മാറ്റി. പരിക്ക് ഗുരുതരമാണെന്നാണ് വിവരം.

കുടുംബവഴക്കാണ് ആക്രമണത്തിന് പിന്നിലെന്നാണ് പോലീസ് നൽകുന്ന വിവരം. കീഴടങ്ങിയ ഭർത്താവിൻറെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചു.

# മാത്സ് സ്കൂൾ ടീച്ചർ

ആലപ്പുഴ ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ മാത്സ് (ജൂനിയർ) തസ്തികയിൽ ഭിന്നശേഷികാഴ്ച പരിമിതർക്ക് സംവരണം ചെയ്തിരിക്കുന്ന സ്ഥിര ഒഴിവുണ്ട്. 50 ശതമാനം മാർക്കിൽ കുറയാത്ത മാത്സ് ബിരുദാനന്തര ബിരുദമാണ് യോഗ്യത. ബി.എഡ്, സെറ്റ്/നെറ്റ്, എം.എഡ്, എം.ഫിൽ, പി.എച്ച്.ഡി തത്തുല്യ യോഗ്യതയും വേണം. 4560095000 രൂപയാണ് ശമ്പള സ്കെയിൽ. 01.01.2023ന് 40 വയസു കവിയാൻ പാടില്ല (നിയമാനുസൃത വയസിളവ് ബാധകം). ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി 17നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി നൽകണം.

# ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ഫെബ്രുവരി 17, 24 തീയതികളിൽ പീരുമേടും 13, 20 തീയതികളിൽ പുനലൂരിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

# പൊതു തെളിവെടുപ്പ് ഫെബ്രുവരി 28ന്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പൊതുതെളിവെടുപ്പ് 28ന് നടക്കും. 2022 ഏപ്രിൽ 01 മുതൽ 5 വർഷത്തേക്കുള്ള മൂലധന നിക്ഷേപ പദ്ധതി അംഗീകരിക്കുന്നതിനുള്ള പെറ്റീഷൻ സമർപ്പിച്ചിരുന്നു. പെറ്റീഷൻ www.erckerala.org യിൽ ലഭ്യമാണ്. പെറ്റീഷനിലെ ട്രാൻസ്മിഷൻ ബിസിനസ് യൂണിറ്റുമായി ബന്ധപ്പെട്ട പൊതുതെളിവെടുപ്പാണ് 28ന് കമ്മീഷന്റെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ രാവിലെ 10ന് നടക്കുക.

പൊതു തെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസിൽ പങ്കെടുക്കാം. വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നവർ 27ന് ഉച്ചയ്ക്ക് 12 നു മുമ്പ് പേരും വിശദ വിവരങ്ങളും ഫോൺ നമ്പർ, ഇമെയിൽ ഐ.ഡി സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org യിൽ അറിയിക്കണം.

തപാൽ മുഖേനയും ഇമെയിൽ വഴിയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. ലഭിക്കുന്ന അഭിപ്രായങ്ങൾ 28നു വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയയ്ക്കണം.

# മൈഗ്രേഷൻ കോൺക്ലേവ്: ഡിഡബ്ല്യുഎംഎസിൽ രജിസ്റ്റർ ചെയ്തത് അരലക്ഷത്തോളം തൊഴിൽ അന്വേഷകർ

പത്തനംതിട്ട: എകെജി പഠനകേന്ദ്രവും പത്തനംതിട്ട വി. എസ്. ചന്ദ്രശേഖരപിള്ള പഠന ഗവേഷണ കേന്ദ്രവും സംയുക്തമായി കഴിഞ്ഞ മാസം തിരുവല്ലയിൽ സംഘടിപ്പിച്ച മൈഗ്രേഷൻ കോൺക്ലേവിൻറെ ഭാഗമായി രൂപീകരിച്ച ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിൽ (ഡിഡബ്ല്യുഎംഎസ്) ജില്ലയിൽ രജിസ്റ്റർ ചെയ്തത് 48,686 തൊഴിൽ അന്വേഷകർ.

വിവിധ പ്രായ പരിധിയിലുള്ളവരും ഉന്നത ബിരുദ യോഗ്യതയുള്ളവരുമടക്കം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഡോക്ടറേറ്റ് ബിരുദധാരികളായ 127 പേരും പോസ്റ്റ് ഡോക്ടറേറ്റുള്ള 47 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബിരുദധാരികളായ 19678 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതിൽ 13736 പേരും 21നും 30നും മധ്യേ പ്രായമുള്ളവരാണ്. ബിരുദാനന്തര ബിരുദധാരികളായ 8110 പേരാണുള്ളത്. സംയോജിത ബിരുദമുള്ളവർ 341 പേരുണ്ട്. പിജി ഡിപ്ലോമയുള്ള 357 പേരാണ് രജിസ്ട്രേഷൻ നടത്തിയത്. ഡിപ്ലോമയുള്ള 5485 പേരും ഐടിഐ ബിരുദധാരികളായ 3548 പേരും രജിസ്റ്റർ ചെയ്തു.

ഹയർ സെക്കൻഡറി വിദ്യാഭ്യാസ യോഗ്യതയോടെ തൊഴിൽ തേടുന്നവർ 3973 പേരുണ്ട്. എസ്എസ്എൽസിക്കാരായ 820 പേരും രജിസ്റ്റർ ചെയ്തപ്പോൾ യോഗ്യത രേഖപ്പെടുത്താത്തവരായി 6200 പേരാണ് രജിസ്റ്റർ ചെയ്തത്.

ഇവരിൽ 578 പേരാണ് ജോലികൾക്കുള്ള ഇൻറർവ്യൂകളിൽ പങ്കെടുത്തതെന്നും 385 പേർ വിവിധ ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ടതായും കണക്കുകളിൽ പറയുന്നു. 320 പേർക്ക് വിവിധ ജോലികൾ ലഭിച്ചിട്ടുണ്ട്.

മണ്ഡലങ്ങൾതോറും ജോബ് സ്റ്റേഷനുകൾ

ഡിഡബ്ല്യുഎംഎസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ഉദ്യോഗാർഥിക്കും ജോലി ലഭ്യതയ്ക്കു സഹായിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ എല്ലാ നിയമസഭ മണ്ഡല പരിധിയിലും ഓരോ തദ്ദേശസ്ഥാപനത്തിൽ ജോബ് സ്റ്റേഷനുകൾ ആരംഭിക്കും. ഉദ്യോഗാർഥികൽക്ക് ഓൺലൈനായോ ജോബ് സ്റ്റേഷനുകളിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാം.

ആഴ്ചതോറും ഉദ്യോഗാർഥികളെ തൊഴിലും നൈപുണിയും അടിസ്ഥാനമാക്കിയുള്ള ഗ്രൂപ്പുകളായി തരംതിരിക്കുകയും ശില്പശാലകൾ നടത്തുകയും ചെയ്യും. തൊഴിൽ അന്വേഷകരുടെ പ്രാപ്തിയും നൈപുണി വിടവും വിലയിരുത്തുന്നതിനായി ശാസ്ത്രീയരീതികൾ അവലംബിക്കും. പരിശീലന കേന്ദ്രങ്ങൾ ജില്ലയിൽ തന്നെയോ ചിലപ്പോൾ ജില്ലയ്ക്കോ സംസ്ഥാനത്തിനു പുറത്തോ ആകാം.

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കുള്ള പകുതി ചെലവ് തദ്ദേശസ്ഥാപനം വഹിക്കുന്നതിലേക്ക് സർക്കാർ ഉത്തരവിറക്കും. പകുതി ചെലവ് ബാങ്ക് വായ്പയായി ലഭ്യമാക്കാനും നടപടി സ്വീകരിക്കും.

# ആകാശപ്പാത: കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ചു

കോട്ടയം: പാതിവഴിയിൽ നിർമാണം മുടങ്ങിയ ആകാശപ്പാതയുടെ തുടർ നിർമാണ പ്രവർത്തനങ്ങളുടെ സാധ്യതകൾതേടി കളക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം പരിശോധന നടത്തി. നിലവിൽ നാറ്റ് പാക്ക് തയാറാക്കിയിരിക്കുന്ന രൂപകല്പന പ്രകാരമുള്ള നിർമാണ സാധ്യതകളാണ് ജില്ലാ കളക്ടർ വി. വിഗ്നേശ്വരിയുടെ നേതൃത്വത്തിൽ കേരള റോഡ് സേഫ്റ്റി അഥോറിറ്റി, നാറ്റ്പാക്ക്, കിറ്റ്കോ, റവന്യു, മോട്ടോർ വെഹിക്കിൾ, പിഡബ്ല്യുഡി, പോലീസ് തുടങ്ങിയ വകുപ്പ് അധികൃതരുടെ നേതൃത്വത്തിൽ പരിശോധിച്ചത്.

നാറ്റ് പാക്ക് തയാറാക്കിയ രൂപകല്പന പ്രകാരം ആറു ലിഫ്റ്റുകളും മൂന്നു ഗോവണികളുമാണുള്ളത്. ഇവ നിർമിക്കുമ്പോൾ നിലവിലുള്ള റോഡിൻറെ ഘടനയ്ക്ക് ഉണ്ടാകുന്ന മാറ്റമാണ് സംഘം പ്രധാനമായും വിലയിരുത്തിയത്.

റവന്യു വകുപ്പിൻറെ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്ന തരത്തിൽ നിർമാണങ്ങൾ ഒതുങ്ങുമോ എന്നതും, അധികമായി സ്ഥലം വേണ്ടിവന്നാൽ അത് തിരക്കേറിയ റോഡിൻറെ ഗതാഗതത്തെ എങ്ങനെ ബാധിക്കുമെന്നതും സംഘം പരിഗണിക്കും.

ആകാശപ്പാതയുടെ തുടർ നിർമാണ സാധ്യതകൾ ഹൈക്കോടതി ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയതെന്ന് കളക്ടർ പറഞ്ഞു. സ്ഥല പരിശോധനയെത്തുടർന്ന് കോട്ടയം കളക്ടറേറ്റിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് നടപടിക്രമങ്ങൾ വിലയിരുത്തി.

തഹസിൽദാർ യാസീൻ ഖാൻ, കെആർഎസ്എ ഡയറക്ടർമാരായ ലിജു അഴകേശൻ, കല, നാറ്റ് പാക്ക് പ്രതിനിധി അരുൺ, മോട്ടോർ വെഹിക്കിൾ, പോലീസ് പ്രതിനിധികൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

റവന്യു വകുപ്പിൻറെ നേതൃത്വത്തിൽ വീണ്ടും ഭൂമിപരിശോധന നടത്തിയശേഷം റിപ്പോർട്ട് കളക്ടർക്ക് സമർപ്പിക്കും.

# മകൻെറ ഉപദ്രവം സഹിക്കവയ്യാതെ മാതാവ് ജീവനൊടുക്കാൻ ശ്രമിച്ചു

തിരുവല്ല: ലഹരിക്ക് അടിമയായ മകനിൽനിന്നുള്ള ശാരീരിക, മാനസിക ഉപദ്രവം സഹിക്ക വയ്യാതെ മാതാവ് പാറക്കുളത്തിൽ ചാടി ആത്മഹത്യയ്ക്ക് ശ്രമിച്ചു. തിരുവല്ല കവിയൂർ കോട്ടൂർ നാഴിപ്പാറ അയ്യനാകുഴി വീട്ടിൽ കുഞ്ഞമ്മ പാപ്പനാണ് (85) മകൻ രവിയുടെ നിരന്തര പീഡനത്തേ തുടർന്ന് ആത്മഹത്യയ്ക്ക് ശ്രമിച്ചത്.ഇന്നലെ വൈകുന്നേരം നാലോടെയായിരുന്നു സംഭവം. മദ്യപിച്ച് ലക്കുകെട്ട് വീട്ടിൽ എത്തുന്ന മകൻ തന്നെ നിരന്തരമായി ഉപദ്രവിക്കുമെന്ന് കുഞ്ഞമ്മ പറഞ്ഞു. ഏതാനും മാസങ്ങൾക്കു മുമ്പും മകൻ രവിയുടെ ആക്രമണത്തിൽ പരിക്കേറ്റ കുഞ്ഞമ്മയെ സമീപവാസികൾ ചേർന്ന് തിരുവല്ല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. എന്നാൽ, മകൻ എന്ന പരിഗണന നൽകി പോലീസിൽ പരാതി നൽകാൻ കുഞ്ഞമ്മ തയാറായിരുന്നില്ല.തിങ്കളാഴ്ച രാത്രിയും പതിവുപോലെ മർദനവും അസഭ്യവർഷവും തുടർന്നു. ഇന്നലെ രാവിലെ വീട്ടിൽനിന്നു പോയ രവി താൻ തിരികെ വരുമ്പോൾ ഇവിടെ കണ്ടുപോകരുതെന്ന് കുഞ്ഞമ്മയ്ക്ക് താക്കീത് നൽകി.തുടർന്നാണ് കുഞ്ഞമ്മ വീടിന് സമീപത്തെ പാറക്കുളത്തിൽ ചാടിയത്. സംഭവം കണ്ട തൊഴിലുറപ്പ് തൊഴിലാളികളായ സ്ത്രീകൾ ബഹളം വച്ചതിനേതുടർന്ന് ഓടിയെത്തിയ നാട്ടുകാർ ചേർന്ന് കുഞ്ഞമ്മയെ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. കുഞ്ഞമ്മയെ തിരുവല്ല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മകൻ രവിക്കെതിരേ പോലീസ് കേസെടുത്തു.

# ഗുരുമന്ദിരം റോഡിൽ കണ്ടെയ്നർ ലോറി കുടുങ്ങി

കുമരകം: വലിയ വാഹനങ്ങൾക്കു നിരോധനമുള്ള ഗുരുമന്ദിരം റോഡിലൂടെ കടന്നുപോകാൻ ശ്രമിച്ച കണ്ടെയ്നർ ലോറി കുടുങ്ങി. കോണത്താറ്റ് പാലത്തിൻറെ സമീപത്തെ റോഡിലൂടെ രാത്രിയുടെ മറവിൽ അനധികൃതമായി കടന്നുപോകാൻ ശ്രമിച്ച കണ്ടെയ്നർ ലോറിയാണ് കുരുങ്ങിയത്.

മുന്നോട്ടും പിന്നോട്ടും പോകാൻ കഴിയാതെ ഒരു മണിക്കൂറോളം റോഡ് ബ്ലോക്കായി. ഇന്നല രാത്രി ഒമ്പതോടെയായിരുന്നു സംഭവം. പത്തുമണിയോടെ പോലീസ് എത്തി കണ്ടെയ്നർ കടത്തിവിട്ടാണ് ബ്ലോക്ക് ഒഴിവാക്കിയത്.

രാത്രികാലത്ത് ഭാരവണ്ടികൾ ഇതുവഴി കടന്നുപോകുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. ചരക്ക് ലോറികളും സ്വകാര്യ റിസോർട്ടുകളിലേക്കും മറ്റും കുടിവെള്ളം എത്തിക്കുന്ന ടാങ്കർ ലോറികളും രാത്രിയിൽ നിരവധി തവണയാണ് ഇതുവഴി കടന്നുപോകുന്നത്. ഭാരവണ്ടികൾക്ക് നിയന്ത്രണമുള്ളതിനാൽ സ്വകാര്യ ബസുകൾ ഉൾപ്പെടെ ഇപ്പോൾ കോണത്താറ്റ് പാലത്തിൻറെ ഇരുകരകളിലായി സർവീസ് അവസാനിപ്പിക്കുകയാണ്.

ഈ സാഹചര്യത്തിൽ രാത്രിയുടെ മറവിൽ ടാങ്കർ ലോറികൾ ഉൾപ്പെടെയുള്ള ഭാരവണ്ടികൾ കടന്നുപോകുന്നതിൽ കനത്ത പ്രതിഷേധം ഉയരുന്നുണ്ട്. രാത്രിയിലെ ഭാരവണ്ടികളുടെ അനധികൃത സഞ്ചാരം നിയന്ത്രിക്കാൻ അധികൃതർ നടപടി സ്വീകരിക്കുകയോ ബസുകൾക്കുകൂടി ഈ വഴിയിലൂടെ സർവീസ് അനുവദിക്കുകയോ ചെയ്യണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# സെൻറ് ജോസഫ് സ്കൂൾ ജൂബിലി മേഖലാ സംഗമങ്ങൾ ആരംഭിച്ചു

ചങ്ങനാശേരി: സെൻറ് ജോസഫ് സ്കൂളിൻറെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന തലമുറകളുടെ സംഗമം സ്പന്ദനം 2024ന് തുടക്കം. വിദ്യാലയം വീടുകളിലേക്ക് എന്ന ആശയവുമായി അഞ്ചു മേഖലകളിലായി സംഘടിപ്പിക്കുന്ന തലമുറകളുടെ സംഗമം ആദ്യഘട്ടം പുഴവാതു മേഖലയിൽ നടന്നു. വർണ്ണാഭമായ ഘോഷയാത്രയോടുകൂടി ആരംഭിച്ച മേഖലാ സമ്മേളനം നഗരസഭാ ചെയർപേഴ്സൺ ബീന ജോബി ഉദ്ഘാടനം ചെയ്തു.

പുഴവാത് ജംഗ്ഷനിൽനിന്ന് ആരംഭിച്ച വർണാഭമായ റാലിയിൽ കുട്ടികളും പൂർവ വിദ്യാർഥികളും മാതാപിതാക്കളും പങ്കെടുത്തു. പിടിഎ പ്രസിഡൻറ് വി. എസ്. രാഗേഷിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏറ്റവും മുതിർന്ന പൂർവ വിദ്യാർഥിയായ ലക്ഷ്മിപുരം കൊട്ടാരത്തിലെ രമണി കേരള വർമയെ ആദരിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സോണി പീറ്റർ, ഹെഡ്മിസ്ട്രസ്മാരായ സിസ്റ്റർ ധന്യ തെരേസ് സിഎംസി, സിസ്റ്റർ ജ്യോതി സിഎംസി, അധ്യാപക പ്രതിനിധി വർഗീസ് ആൻറണി, ജോമി മാത്യു, ശ്യാം സാംസൺ, പ്രമോദ്, കലേഷ്, സോണി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. രണ്ടാമത്തെ മേഖലാ സമ്മേളനം ഈ മാസം 13ന് ചങ്ങനാശേരി അഞ്ചപ്പത്തിലും മൂന്നാമത്തെ മേഖലാ സമ്മേളനം കിടങ്ങറ എസ്എൻഡിപി ഹാളിലും നാലാമത്തെ മേഖലാ സമ്മേളനം കുരിശുമൂട് ജിമ്മി പടനിലം സെൻററിലും അഞ്ചാമത്തെ മേഖലാ സമ്മേളനം തൃക്കൊടിത്താനം സെൻറ് സേവ്യേഴ്സ് ഫൊറോന ദേവാലയ അങ്കണത്തിലും നടത്തും.

# മോക്ഡ്രില്ലിൽ രക്ഷാപ്രവർത്തനം ശ്രദ്ധേയമായി

പാലക്കാട്: കഴിഞ്ഞദിവസം രാവിലെ 10. 45.റിക്ടർ സ്കെയിലിൽ 5.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ മണ്ണാർക്കാട് യൂണിവേഴ്സൽ ആർട്സ് ആൻഡ് സയൻസ് കോളജിലെ രണ്ടുനിലകെട്ടിടം തകർന്നതായി മണ്ണാർക്കാട് താലൂക്ക് കൺട്രോൾ റൂമിൽ വിവരം ലഭിച്ചു! വിവരം ഉടൻ താലൂക്ക് കൺട്രോൾ റൂമിൽനിന്നും ജില്ലാ കൺട്രോൾ റൂമിലേക്ക് എത്തിയതോടെ ജില്ലാ ദുരന്തനിവാരണ അഥോറിറ്റിയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ആരംഭിച്ചു.

അഗ്നിരക്ഷാസേനയും എൻഡിആർഎഫും പോലീസും അതിവേഗം അപകടസ്ഥലത്തെത്തി കെട്ടിടത്തിൽ കുടുങ്ങിക്കിടന്നവരെ രക്ഷിച്ച് ആശുപത്രിയിലേക്ക് മാറ്റി. മണ്ണാർക്കാട് താലൂക്ക് കൺട്രോൾ റൂമിൽനിന്നും വിവിധ വകുപ്പുകൾക്കും വിവരം കൈമാറി. ഇൻസിഡൻറ് കമാൻഡറായി മണ്ണാർക്കാട് തഹസിൽദാർ രേവ സംഭവസ്ഥലത്തെത്തി ഏകോപന ചുമതല ഏറ്റെടുത്തു. മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടർ അബ്ദുൽ നാസറുടെ നേതൃത്വത്തിൽ പോലീസ് സംഘവും ഫയർ ഓഫീസർ സുൽഫീസ് ഇബ്രാഹിമിൻറെ നേതൃത്വത്തിൽ അഗ്നിരക്ഷാസേനയുടെ ഒരു യൂണിറ്റും സിവിൽ ഡിഫൻസ് സേനയുമാണ് രക്ഷാപ്രവർത്തനത്തിനെത്തിയത്. കെട്ടിടത്തിനു പുറത്ത് പരിക്കേറ്റു കിടന്ന രണ്ടുപേരെ സംഭവസ്ഥലത്ത് സജ്ജീകരിച്ച മെഡിക്കൽ എയ്ഡ് പോസ്റ്റിലെ മെഡിക്കൽ സംഘം പ്രാഥമികശുശ്രൂഷകൾക്കുശേഷം ആംബുലൻസിൽ താലൂക്ക് ആശുപത്രിയിലേക്കു മാറ്റി.

കെട്ടിടത്തിനുള്ളിൽ കൂടുതൽ ആളുകൾ കുടുങ്ങിക്കിടക്കുന്നുവെന്നു മനസിലാക്കിയതോടെ രക്ഷാപ്രവർത്തനത്തിനു കൂടുതൽ വിദഗ്ധരുടെ സേവനം ആവശ്യമാണെന്ന് ഇൻസിഡൻറ് കമാൻഡർ ജില്ലാ കൺട്രോൾ റൂമിൽ അറിയിച്ചു. തുടർന്ന് ജില്ലാ ദുരന്തനിവാരണ അഥോറിറ്റിയിൽനിന്ന് എൻഡിആർഎഫിൻറെ സഹായം ആവശ്യപ്പെട്ടു. ടീം കമാൻഡർ ദീപക്, അസി. ടീം കമാൻഡർ ആശിഷ് എന്നിവരുടെ നേതൃത്വത്തിലുള്ള 23 അംഗ ദേശീയ ദുരന്ത നിവാരണ സേന സ്ഥലത്തെത്തി. അപകടത്തിൻറെ വ്യാപ്തി ദ്രുതഗതിയിൽ വിശകലനം ചെയ്ത ശേഷം മൂന്ന് സംഘമായി പിരിഞ്ഞ് രക്ഷാപ്രവർത്തനം ആരംഭിച്ചു.

ഒരു സംഘം തകർന്ന കെട്ടിടാവശിഷ്ടങ്ങൾ മാറ്റി അകത്ത് പ്രവേശിച്ചു. തുടർന്നുനടന്ന പരിശോധനയിൽ കുടുങ്ങിക്കിടന്ന രണ്ടുപേരെ രക്ഷപ്പെടുത്തി പ്രാഥമികശുശ്രൂഷ നൽകി ആശുപത്രിയിലേക്കു മാറ്റി. ഇതിനിടെ മുകളിലത്തെ നിലയിൽ ഒരാൾകൂടിയുണ്ടെന്ന് അറിഞ്ഞ സേന അവിടെ എത്തി പരിക്കേറ്റയാളെ കയർമാർഗം താഴെയിറക്കി ആശുപത്രിയിലേക്കു മാറ്റി.

ഒരു മണിക്കൂർ നീണ്ട രക്ഷാ പ്രവർത്തനം ഉച്ചയ്ക്ക് 12 മണിയോടെയാണ് പൂർത്തിയായത്. ജില്ലാ ദുരന്തനിവാരണ അഥോറിറ്റിയും എൻഡിആർഎഫും സംയുക്തമായി നടത്തിയ മോക്ഡ്രില്ലാണ് പിഴവില്ലാത്ത രക്ഷാപ്രവർത്തനത്തിനു മാതൃകയായത്.

സേനയ്ക്കുപുറമേ തഹസിൽദാർ രേവ, ഡെപ്യൂട്ടി തഹസിൽദാർമാരായ കെ. രാമൻകുട്ടി, സി. വിനോദ്, തദ്ദേശ സ്വയംഭരണ ദുരന്ത നിവാരണ ജില്ലാ കോഓർഡിനേറ്റർ ആഷാ വി. കെ. മേനോൻ, ജില്ലാ ദുരന്ത നിവാരണ അഥോറിറ്റി ഹസാർഡ് അനലിസ്റ്റ് ലേഖ ചാക്കോ, മണ്ണാർക്കാട് ബിഡിഒ ഡി. അജിതകുമാരി, പോലീസ്, അഗ്നിരക്ഷാ സേന, സിവിൽ ഡിഫൻസ്, റവന്യു, ആരോഗ്യം, കെഎസ്ഇബി, മോട്ടോർ വാഹന ഉദ്യോഗസ്ഥർ എന്നിവർ മോക്ഡ്രില്ലിൽ പങ്കെടുത്തു.

# കൊക്കരക്കുളത്ത് ഫയർലൈൻ തെളിക്കാൻ വനംവകുപ്പ് തീയിട്ടു: കുടിവെള്ള പൈപ്പുകൾ കത്തിച്ചാമ്പലായി

ചെറുതോണി: കാട്ടുതീ തടയുന്നതിനായി വനംവകുപ്പ് കൈക്കൊണ്ട കുറുക്കുവഴി കർഷകർക്ക് വിനയായി. വാഴത്തോപ്പ് പഞ്ചായത്തിൽ കൊക്കരക്കുളം മേഖലയിൽ വനം വകുപ്പിൻറെ ഫയർലൈൻ തെളിക്കലാണ് പ്രദേശവാസികളുടെ കുടിവെള്ളം മുട്ടിച്ചത്. ഫയർ ലൈൻ തെളിക്കാൻ കരാറെടുത്തവർ എളുപ്പവഴിക്കായി റോഡരികിൽ കാടുകൾക്ക് തീയിടുകയായിരുന്നു.

പ്രദേശത്തെ നിരവധി വീടുകളിലേക്ക് വെള്ളം എത്തിച്ചിരുന്ന ഹോസുകൾ തീയിൽ കത്തിച്ചാമ്പലായി. മലമുകളിൽ കടുത്ത വേനൽ ഒഴികെയുള്ള സമയങ്ങളിൽ ശുദ്ധജലം ലഭിക്കുന്ന നിരവധി കുഴികളുണ്ട്.

സ്വാഭാവികമായി രൂപപ്പെട്ടിട്ടുള്ള ഈ കുഴികളിൽനിന്നാണ് പ്രദേശവാസികൾ വർഷങ്ങളായി വെള്ളം ശേഖരിക്കുന്നത്. മികച്ച നിലവാരമുള്ള എച്ച്ഡി (ഹൈ ഡെൻസിറ്റി) പൈപ്പുകളാണ് കുടിവെള്ളശേഖരണത്തിനായി നാട്ടുകാർ ഉപയോഗിച്ചിരിക്കുന്നത്. ഇത്തരം പൈപ്പിന് മീറ്ററിനു മുപ്പത് രൂപയിലധികം വിലയുണ്ട്. അരക്കിലോ മീറ്ററിലധികം നീളത്തിൽ വരെ ഹോസുപയോഗിക്കുന്ന വീട്ടുകാരുണ്ട്.

ഇങ്ങനെയുള്ളവർക്ക് ഇരുപതിനായിരത്തിലധികം രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. കുടിവെള്ളം മുടങ്ങിയതിനു പുറമേ സാമ്പത്തിക നഷ്ടവും നേരിടേണ്ടി വന്നു. ഏറെ ദൂരം തലച്ചുമടായിവെള്ളം എത്തിക്കേണ്ട ഗതികേടിലാണിപ്പോൾ പ്രദേശവാസികൾ.

വിവരം അറിയിച്ചിട്ടും സ്ഥലം സന്ദർശിക്കാൻ പോലും വനം വകുപ്പ് ഉദ്യോഗസ്ഥർ തയാറായിട്ടില്ലെന്ന് പ്രദേശവാസികൾ പറഞ്ഞു. നാശനഷ്ടം നേരിട്ടവർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് അംഗം വി. എം. വിൻസൻറ് വള്ളാടി ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് വനം, ജലവിഭവ വകുപ്പ് മന്ത്രിമാർക്കു പരാതി നൽകുമെന്നും വിൻസൻറ് പറഞ്ഞു.

കൊക്കരക്കുളത്ത് വനം വകുപ്പിൻറെ ഫയർലൈൻ തെളിക്കാനായി കാട് കത്തിച്ചപ്പോൾ നാട്ടുകാരുടെ കുടിവെള്ള ഹോസുകൾ കത്തിയ നിലയിൽ.

# 'ഉല്ലാസ്" മേളയിൽ താരങ്ങളായി അട്ടപ്പാടിയിലെ നഞ്ചിയും പ്രദീപയും

പാലക്കാട്: ദേശീയ സാക്ഷരതാ മിഷൻ ഉല്ലാസ് പദ്ധതിയുടെ ഭാഗമായി ന്യൂഡൽഹിയിൽ നടന്ന ന്യൂ ഇന്ത്യ ലിറ്ററസി പദ്ധതിയിലെ പഠിതാക്കളുടെ സംഗമത്തിലും ഉല്ലാസ് മേളയിലും താരങ്ങളായി അട്ടപ്പാടിയിലെ നഞ്ചിയും പ്രദീപയും.

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ എത്തുന്ന മേളയിൽ കേരളത്തെ പ്രതിനിധീകരിച്ചാണ് അട്ടപ്പാടി കാവുണ്ടിക്കൽ ഊരിൽ നിന്നുള്ള സാക്ഷരത പഠിതാവായ നാൽപത്തിയൊന്നുകാരി നഞ്ചിയും ഇൻസ്ട്രക്ടർ പ്രദീപയും പങ്കെടുത്തത്.

ഇവരെ കൂടാതെ മലപ്പുറം ജില്ലയിൽനിന്നുള്ള രണ്ടു പേരും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ പ്രഫ. എ. ജി. ഒലീന, അസിസ്റ്റൻറ് ഡയറക്ടർ സന്ദീപ് ചന്ദ്രൻ എന്നിവരും ഇവരോടൊപ്പമുണ്ട്.

202223 വർഷം ആരംഭിച്ച എൻഐഎൽപി പദ്ധതിയുടെ മികവുത്സവം സാക്ഷരതാ പരീക്ഷ 2023 ഡിസംബർ 10നാണ് കേരളത്തിൽ നടന്നത്.

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി 85,000 പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തു. ഇവരെ പ്രതിനിധീകരിച്ചാണ് പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള രണ്ടുവീതം പഠിതാക്കളും ഇൻസ്ട്രക്ടർമാരും ഡൽഹിയിൽ നടന്ന മേളയിൽ പങ്കെടുത്തത്.

# ദീപ്തി ബ്രെയിൽ സാക്ഷരതാ പരിപാടി: അവലോകനയോഗം ചേർന്നു

കാഴ്ചവെല്ലുവിളി നേരിടുന്നവർക്കായി സംസ്ഥാന സാക്ഷരതാ മിഷൻ തയ്യാറാക്കിയ ദീപ്തി ബ്രെയിൽ സാക്ഷരതാ പരിപാടിയുടെ അവലോകന യോഗം ചേർന്നു. ജില്ലാ വനിതാ ശിശു വികസന വകുപ്പിലെ സി ഡി പി ഒ മാരുടെ യോഗമാണ് ചേർന്നത്. ഐ സി ഡി എസ് ജില്ലാ പ്രോഗ്രാം ഓഫീസർ കവിതാറാണി അദ്ധ്യക്ഷയായി. അംഗൻവാടികൾ വഴി സർവേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തുക. 40% ന് മുകളിൽ കാഴ്ച പ്രശ്നമുള്ളവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

ഫെഡറേഷൻ ഓഫ് ബ്ലൈന്റ് ടീച്ചേഴ്സ് ഫോറവുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. ജില്ലയിലെ എല്ലാ ബ്ലോക്ക് കേന്ദ്രങ്ങളിലും ഒരു പഠനകേന്ദ്രം ക്രമീകരിക്കും. ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ബ്ലോക്ക് തല സംഘാടകസമിതി രൂപവത്കരിക്കും. 160 മണിക്കൂറാണ് സാക്ഷരതാ ക്ലാസിന്റെ സമയ ക്രമം. ബ്രെയിൽ ലിപിയിൽ പ്രാവിണ്യമുള്ളവരെ ഓരോ പഠനകേന്ദ്രത്തിലും ഇൻസ്ട്രക്ടറായി നിയോഗിക്കും. ഇവർക്ക് ഓണറേറിയം നൽകും. പഠിതാക്കൾക്കുള്ള പഠനോപകരണങ്ങൾ പഠന കേന്ദ്രത്തിൽ തയ്യാറാക്കും. വനിതാ ശിശു വികസന വകുപ്പ് ട്രയിനിംഗ് സെന്ററിൽ നടന്ന യോഗത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ കെ വി രതീഷ് പദ്ധതി അവലോകനം നടത്തി.

# ഹോട്ടൽ ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി അറസ്റ്റിൽ

കോട്ടയം: ഹോട്ടൽ ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. പത്തനംതിട്ട, ഓമല്ലൂർ പന്നിയാലി ഭാഗത്ത് ചെറുകുന്നിൽ കെ. വി. വേണുഗോപാൽ (63) നെയാണ് കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. കോട്ടയം ടിബി റോഡിൽ പ്രവർത്തിക്കുന്ന ഹോട്ടലിൽ സപ്ലയറായി ജോലി ചെയ്യുന്ന ഇയാൾ കഴിഞ്ഞദിവസം രാത്രി ഹോട്ടലിലെ മറ്റൊരു സപ്ലയർ ജോലിക്കാരനായ കൊല്ലം സ്വദേശി സാബുവിനെയാണ് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്.

കഴിഞ്ഞദിവസം രാത്രി 11നു ഹോട്ടലിൽ വച്ച് വേണുഗോപാൽ സാബുവുമായി വാക്ക് തർക്കത്തിലേർപ്പെടുകയും തുടർന്ന് കൈയിൽ കരുതിയിരുന്ന പുട്ടി ബ്ലേഡ് കൊണ്ട് യുവാവിൻറെ കഴുത്തിൽ മുറിവേൽപ്പിക്കുകയുമായിരുന്നു.

വേണുഗോപാലിന് സാബുവിനോട് ജോലിസംബന്ധമായ മുൻവൈരാഗ്യമുണ്ടായിരുന്നു. ഇതിൻറെ തുടർച്ചയെന്നോണമാണ് ആക്രമണം. പരാതിയെത്തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും വേണുഗോപാലിനെ പിടികൂടുകയുമായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

ചമയങ്ങൾക്കപ്പുറം



സുനിത ഒലീവിയ

# കല്ലെറിയാൻ വരട്ടെ: നമുക്കവരെ ചേർത്തണയ്ക്കാം

തെറ്റുകാരായി ആരും ജനിക്കുന്നില്ല .ഒരു വ്യക്തിയുടെ സ്വഭാവം നിർണയിക്കുന്നത് ആ വ്യക്തിയുടെ ജീനുകളും, സാഹചര്യങ്ങളും ആണ്.. അതുകൊണ്ടു സമൂഹം തെറ്റ് എന്ന് പൊതുവേ അടിച്ചേൽപ്പിക്കുന്ന പലതും തെറ്റുകളായി തോന്നാറില്ല.

അക്രമം, ചതി കൊലപാതകം, മോഷണം, ബലാൽസംഗം, അറിവോ സമ്മതമോ ഇല്ലാതെ ലൈംഗികമായ ഉദ്ദേശത്തോടുകൂടി ഒരാളുടെ ശരീരത്തെ സ്പർശിക്കുക, കയ്യേറുക, നഗ്നത പ്രദർശനം നടത്തുക ഇവയൊക്കെയാണ് എന്റെ നിഘണ്ടുവിൽ തെറ്റായി വ്യാഖ്യാനിക്കപ്പെട്ട കാര്യങ്ങൾ.. . എന്നാൽ ഇത്തരത്തിലുള്ള കാര്യങ്ങൾ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടോ, മാനസികമായ അസ്വസ്ഥതയോ,മാനസിക വികടതയോ കൊണ്ടോ ആരെങ്കിലും ചെയ്തു പോയാൽ അവരെ എന്നെന്നേക്കുമായി സമൂഹത്തിൽ നിന്നും തുടച്ചുമാറ്റ പെടേണ്ടതായ ആളുകളുടെ പട്ടികയിലേക്ക് തള്ളിവിട്ട് ഇല്ലായ്മ ചെയ്യുന്നതിനെ ഒരിക്കലും അനുകൂലിക്കുകയില്ല ...എന്ന് മാത്രവുമല്ല അത്തരക്കാർ തങ്ങളുടെ തെറ്റു മനസ്സിലാക്കുന്നുണ്ടെങ്കിൽ അവരെ തിരുത്തുവാനും, സാധാരണ ജീവിതം നയിപ്പിക്കുവാനും, പരമാവധി പരിഹാരം ചെയ്യിപ്പിക്കുവാനും ശ്രമിക്കുക തന്നെ വേണം.....

മറ്റുള്ളവരെ കല്ലെറിയുകയും വിമർശിക്കുകയും ചെയ്യുന്ന ആളുകളിൽ ബഹുഭൂരിപക്ഷവും ഗോപ്യമായി അതിലേറെ ഭീമമായ തെറ്റ് ചെയ്തിട്ടുള്ളവരാണ് എന്ന് പലപ്പോഴായി ബോധ്യപ്പെട്ടിട്ടുണ്ട്.

. പങ്കാളികൾ രണ്ടുപേരും ഒരേ തെറ്റ് ചെയ്യുമ്പോൾ ഒരാൾ ചെയ്ത തെറ്റ് മാത്രം തെറ്റാവുകയും മറ്റത് ലിംഗ വ്യത്യാസത്തിന്റെ പേരിൽ സാധൂകരിക്കപ്പെടുന്നതും ഇന്നും കാണാറുണ്ട്...

ആണുങ്ങളായാൽ ചെളിയിൽ ചവിട്ടും വെള്ളത്തിൽ കാലുകഴുകും... അതുപോലെയാണോ നീ??? എന്നു മറ്റു സ്ത്രീകളോട് പറയുന്ന കുല സ്ത്രീകളും ഇന്ന് ഉണ്ട്.

വളരെ ചെറുപ്പം മുതൽ കേൾക്കുന്ന കാര്യമാണ്... അവരോട് മിണ്ടരുത്, അവർ മോശമാണ്. അഹംങ്കാരിയാണ്,അവരുടെ കൂടെ യാത്ര ചെയ്യരുത്, നിന്നെയും ആളുകൾ അങ്ങനെ കണക്കാക്കും...

ഇങ്ങനെ എത്രയോ ഉപദേശങ്ങൾ....

മുൻപേ അറിയുന്ന ഒരുസുഹൃത്തിൻറെ അനുഭവം ഇവിടെ വിവരിക്കുന്നു ....സ്ഥിരമായി പരസ്ത്രീ സംഗമം നടത്തുകയും പലതവണ പിടിക്കപ്പെടുകയും ചെയ്ത ഒരാളാണ് അവരുടെ ഭർത്താവ്. വർഷങ്ങളോളമായി പരിപൂർണ്ണമായ അവഗണന നേരിടുന്ന ഒരു സ്ത്രീയാണ് അയാളുടെ ഭാര്യ .... , അയാൾ പുരുഷനായതുകൊണ്ടും, വഹിക്കുന്ന സ്ഥാനത്തിന്റെ പവർ കൊണ്ടും അതെല്ലാം പർവതീകരിക്കപ്പെട്ടില്ല. എന്നാൽ നിരന്തരമായ അവഗണനയുടെ ഭാഗമായി ഒരുപാട് വൈകി അയാളുടെ ഭാര്യക്ക് പ്രണയം ഉണ്ടാകുകയും, അത് കൊട്ടി ഘോഷിക്കപ്പെട്ടുകയും . അവരെ വീട്ടിൽ നിന്നും പുറത്താക്കുകയും ചെയ്തു .നിരന്തരമായ അയാളുടെ തെറ്റുകൾ, അവരുടെ ഒരു തെറ്റിന് മുന്നിൽ ഒന്നുമല്ലാതായി...

അവർ നാടുകടത്തപ്പെട്ടു..

അവൾ ഒരു സ്ത്രീയല്ലേ???? അവൾക്ക് പ്രണയം നിഷിദ്ധമാണോ??? ശരി അവർ ഇനി തെറ്റ് ചെയ്തു എന്ന് തന്നെ ഇരിക്കട്ടെ... അവരുടെ കൂടെ കുറച്ച് നാം സമയം ചിലവഴിച്ചാൽ, ഒന്നിച്ച് യാത്ര ചെയ്താൽ, അവരെ വീട്ടിൽ ക്ഷണിച്ചു വരുത്തിയാൽ, കുറച്ചു സംസാരിച്ചാൽ..

ഒരു ഫോട്ടോ എടുത്താൽ.

അതിന്റെ അർത്ഥം.. അവരെ നാം പ്രോത്സാഹിപ്പിക്കുന്നു എന്നാണോ??? അവരെ സാധൂകരിക്കുന്നു എന്നാണോ?? അവരെപ്പോലെ നമ്മളും അങ്ങനെ ചെയ്തു എന്നാണോ???....

ഒരാൾ ചെയ്ത ഒറ്റ പ്രവർത്തിയെ മാത്രം ആസ്പദമാക്കി അവരുടെ മുഴുവൻ നന്മകളും മറന്നു കളയുന്ന സമൂഹത്തിൽ ആണ് നമ്മൾ ജീവിക്കുന്നത്..

ഞാനൊരു പരിപൂർണ്ണയായ വ്യക്തിയല്ല. വ്യക്തി ആകണമെന്ന് ആഗ്രഹിക്കുന്നതും ഇല്ല...

കൊലപാതകി ആകട്ടെ, മോഷ്ടാവാകട്ടെ, പണം വാങ്ങി ശരീരം വിൽക്കുന്നവളാകട്ടെ..

ലോകം മോശമെന്ന് വിധിയെഴുതിയ എന്തും ചെയ്യുന്നവൾ ആകട്ടെ, എന്തും ചെയ്യുന്നവൻ ആകട്ടെ... അവർ അതിൽ പശ്ചാത്തപതിക്കുന്നു എന്ന് തിരിച്ചറിയാൻ കഴിഞ്ഞാൽ, സാഹചര്യമാണ് അവരെ അതിലേക്ക് എത്തിച്ചത് എന്ന് തിരിച്ചറിയാൻ കഴിഞ്ഞാൽ.

അവരെ എന്റെ രണ്ടു കൈയും ചേർത്ത് ഞാൻ ആലിംഗനം ചെയ്യും. ചേർത്തുപിടിക്കും, അവരോടൊപ്പം യാത്ര ചെയ്യും, ഭക്ഷണം കഴിക്കും. സ്നേഹം കൊടുക്കും.. എന്റെ വീട്ടിലേക്ക് ക്ഷണിക്കും.

അവരെ പുകഴ്ത്തും...

ഞാൻ ഉറപ്പായും വിശ്വസിക്കുന്നു എല്ലാവരിലും നന്മയുണ്ട്. നിങ്ങൾ തെറ്റുകൾ എന്ന് വ്യാഖ്യാനിക്കുന്ന പലതും ഈശ്വരന്റെ മുന്നിൽ തെറ്റായിരിക്കില്ല... ആരെയും വിധിക്കാൻ നിങ്ങൾക്ക് അവകാശമില്ല..

ശരിയോ തെറ്റോ എന്ന് നിങ്ങൾക്ക് തീരുമാനിക്കാം.. ഒരാൾക്ക് ജീവൻ കൊടുക്കാൻ നമുക്കാവില്ല, ഒരു ചേർത്തു പിടിക്കൽ കൊണ്ട് ഒരു ജീവൻ നിലനിർത്താൻ കഴിയുമെങ്കിൽ അതിലും വലിയ എന്ത് പുണ്യമാണുള്ളത്... പണ്ഡിതനായാലും പാമരൻ ആയാലും, സമ്പന്നൻ ആയാലും ദരിദ്രൻ ആയാലും

ജീവൻ പോയാൽ.. ഒന്നേയുള്ളൂ പേര് ശവം!!!

കഴിയുന്ന സമയത്തോളം മനുഷ്യനായി ജീവിക്കുക, മനസാക്ഷിക്ക് അനുസരിച്ച് ജീവിക്കുക...

ബോധ്യപ്പെടുത്തലുകൾ ആവരുത് ജീവിതം!! . ചേർത്തുപിടിക്കുക ഉപാധികൾ ഇല്ലാതെ എല്ലാപേരെയും....

## പ്ലസ് വൺ വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ ഡിവൈഎഫ്ഐ മേഖലാ പ്രസിഡൻറും അറസ്റ്റിൽ

പത്തനംതിട്ട: പ്ലസ് വൺ വിദ്യാർഥിനിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ഡിവൈഎഫ്ഐ നേതാവ് അറസ്റ്റിൽ. ഡിവൈഎഫ്ഐ പെരുനാട് മേഖലാ പ്രസിഡൻറ് മഠത്തുമൂഴി വലിയകുളത്തിൽ ജോയൽ തോമസാ(24)ണ് അറസ്റ്റിലായത്. ഇയാൾ റാന്നി ഡിവൈഎസ്പി ഓഫീസിൽ കീഴടങ്ങുകയായിരുന്നു.

19 പേരെ പ്രതി ചേർത്തിട്ടുള്ള കേസിൽ നാലു പേരുടെ അറസ്റ്റാണ് പോലീസ് നിലവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ചിറ്റാർ കാരിക്കയം പള്ളിപറമ്പിൽ സജാദ് എസ്. സലീം(25), മൂഴിയാർ സെക്ഷനിലെ കെഎസ്ഇബി ജീവനക്കാരൻ ആങ്ങംമൂഴി താന്നിമൂട്ടിൽ മുഹമ്മദ് റാഫി(24), പീഡനം നടക്കുമ്പോൾ പ്രായപൂർത്തിയാവാത്തതും ഇപ്പോൾ 18 വയസുള്ള യുവാവ് എന്നിവരുടെ അറസ്റ്റാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവർ പത്തനംതിട്ടയിലെ നക്ഷത്ര ഹോട്ടലിൻറെ പാർക്കിംഗ് ഏരിയയിൽ കാറിൽ വച്ച് പീഡിപ്പിച്ചുവെന്നാണ് പെൺകുട്ടിയുടെ മൊഴി.

2021 ജൂൺ മുതൽ കഴിഞ്ഞ മാസം വരെയുള്ള കാലയളവിലാണ് കുറ്റകൃത്യം നടന്നിട്ടുള്ളതെന്നാണ് പെൺകുട്ടിയുടെ മൊഴി. കേസിലെ കുറ്റാരോപിതർ പത്തനംതിട്ട, കണ്ണൂർ, കോട്ടയം ജില്ലകളിൽനിന്നുള്ളവരാണ്.

16 പേർ കുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചു. ശേഷിച്ചവർ നഗ്നചിത്രങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചവരാണ്. പോക്സോയ്ക്ക് പുറമേ തട്ടിക്കൊണ്ടു പോകൽ, ബലാൽസംഗം തുടങ്ങിയ വകുപ്പകളും ചേർത്താണ് കേസ് എടുത്തിട്ടുള്ളത്. ചെറുപ്രായത്തിൽ തന്നെ കുട്ടിയെ പിതാവ് ഉപേക്ഷിച്ചു പോയി. മാതാവ് വിദേശത്താണുള്ളത്.

16 വയസുള്ള കുട്ടി അമ്മയുടെ മാതാപിതാക്കൾക്കൊപ്പമാണ് കഴിയുന്നത്. പഠിക്കുന്ന സ്കൂളിൽ നടത്തിയ കൗൺസലിംഗിലാണ് കുട്ടി പീഡനത്തിനിരയായ വിവരം പറയുന്നത്. തുടർന്ന് കുട്ടിയെ കോഴഞ്ചേരിയിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ വൺസ്റ്റോപ്പ് സെൻററിലേക്ക് മാറ്റി. ഇവിടെ നടത്തിയ കൗൺസിലിംഗിൽ തന്നെ പീഡിപ്പിച്ചവരുടെയും നഗ്നവീഡിയോകളും ചിത്രങ്ങളും പ്രചരിപ്പിച്ചവരുടെയും പേരുവിവരങ്ങൾ, ഫോൺ നമ്പർ, സോഷ്യൽ മീഡിയ പ്രൊഫൈൽ എന്നിവ കൈമാറി.

വിവരങ്ങൾ ശനിയാഴ്ച സിഡബ്ല്യുസി റാന്നി പെരുനാട് പോലീസിനു കൈമാറുകയും കേസ് രജിസ്റ്റർ ചെയ്യുകയുമായിരുന്നു. അറസ്റ്റിലായവരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## കാപ്പാ കേസ് പ്രതിയെ വധിക്കാൻ ശ്രമം: മൂന്നുപേർ അറസ്റ്റിൽ

അടൂർ: കണ്ണൂർ ജില്ലയിലെ കാപ്പാ കേസിലുൾപ്പെട്ട പ്രതിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ അടൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ രണ്ട് കാപ്പാ കേസ് പ്രതികളടക്കം മൂന്ന് പേരെ അറസ്റ്റ് ചെയ്തു.

കണ്ണൂർ ഇരിട്ടി കേളകം അടയ്ക്കാത്തോട് മുട്ട്മാറ്റി പടിയക്കണ്ടത്തിൽ വീട്ടിൽ ജെറിൽ പി. ജോർജിനെ (25) മാരകമായി പരിക്കേല്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് ഒട്ടേറെ ക്രിമിനൽ കേസ് പ്രതികളായ ഏഴംകുളം നെടുമൺ പറമ്പ് വയൽകാവ് മുതിരവിള പുത്തൻവീട്ടിൽ കിച്ചു എന്ന് വിളിക്കുന്ന വിഷ്ണു വിജയൻ (30), കൊടുമൺ അങ്ങാടിക്കൽ വടക്ക് സുരഭി വീട്ടിൽ കാർത്തിക് (26), ഏഴംകുളം വയല കുതിരമുക്ക് ഉടയാൻ വിള കിഴക്കേതിൽ ശ്യാം (24) എന്നിവരെ അടൂർ പോലീസ് അറസ്റ്റ് ചെയ്തത്.

ജനുവരി 18നാണ് കേസിനാസ്പദമായ സംഭവം. നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായതിനെത്തുടർന്ന്, കാപ്പാ നടപടി പ്രകാരം ജയിലിൽ അടയ്ക്കപ്പെട്ട സഹോദരങ്ങളായ അടൂർ ഇളമണ്ണൂർ മാരൂർ സ്വദേശികളായ സൂര്യലാലിൻറെയും ചന്ദ്രലാലിൻറെയും വീട്ടിൽ വച്ചാണ് ജെറിൽ പി. ജോർജിനെ മർദിച്ചത്.

കാപ്പാ നടപടികൾക്ക് വിധേയനായി തൃശൂർ വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുമ്പോഴാണ് പ്രതികളായ വിഷ്ണു, ശ്യാം എന്നിവരെയും സൂര്യലാലിനെയും ചന്ദ്രലാലിനെയും ജെറിൽ പരിചയപ്പെടുന്നത്.

ഇതേസമയം മറ്റൊരു കേസിൽ പ്രതിയായി കാർത്തിക്കും ജയിലിൽ ഉണ്ടായിരുന്നു. ജയിലിൽനിന്നും പുറത്തിറങ്ങിയ ഇവർ മാരൂരിലുള്ള സൂര്യലാലിൻറെ വീട്ടിൽ ദിവസങ്ങളോളം ഒരുമിച്ച് താമസിച്ചിരുന്നു. സാമ്പത്തിക വിഷയത്തിൽ ഇവിടെവച്ച് പരസ്പരം തർക്കമുണ്ടായതിനെ തുടർന്ന്, പ്രതികൾ ജെറിലിൻറെ പുറത്തും വയറിലും നെഞ്ചിലുമായി ബ്ലേഡ് കൊണ്ട് ആഴത്തിൽ മുറിവേല്പിച്ചു. ജെറിലിനെ ആശുപത്രിയിൽ കൊണ്ടുപോകാൻ കൂട്ടാക്കാതെ അഞ്ചു ദിവസം മുറിയിൽ പൂട്ടിയിട്ടു.

തുടർന്ന് ഇവിടെനിന്നും രക്ഷപ്പെട്ട ജെറിൽ അടൂർ ജനറൽ ആശുപത്രിയിൽ ചികിത്സതേടി. ഡോക്ടർ മർദനവിവരം അറിച്ചതിനേതുടർന്ന് അടൂർ പോലീസ് ആശുപത്രിയിൽ എത്തിയെങ്കിലും, പ്രതികളെ ഭയന്ന് ജെറിൽ ആശുപത്രിയിൽനിന്നും രക്ഷപ്പെട്ട് കണ്ണൂരിലേക്ക് പോയതായി അറിഞ്ഞു. പോലീസ് കണ്ണൂരിൽ എത്തി ഇയാളുടെ വിശദമായ മൊഴി രേഖപ്പെടുത്തി. ജെറിലിൻറെ പേരിൽ മയക്കുമരുന്ന് ഹാഷിഷ് ഓയിൽ കഞ്ചാവ് എന്നിവയുടെ വില്പനയുമായി ബന്ധപ്പെട്ട് കേസുകളുണ്ട്.

സൂര്യലാലിനോടും ചന്ദ്രലാലിനോടുമുള്ള വിരോധം കാരണം, കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ ഇവരുടെ വീട്ടിൽ ഒരു സംഘം ആളുകൾ അതിക്രമിച്ചു കയറി ഇവരുടെ അമ്മ സുജാതയെ ക്രൂരമായി മർദിക്കുകയും വീട് മുഴുവൻ അടിച്ചു നശിപ്പിക്കുകയും ചെയ്തിരുന്നു.

ഈ സംഭവത്തിൽ ഗുരുതര പരിക്കേറ്റ സുജാത മരണപ്പെടുകയും, കേസിൽ ഉൾപ്പെട്ട പതിനാലോളം പ്രതികളെ അടൂർ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. അടൂർ പോലീസ് ഇൻസ്പെക്ടർ ആർ രാജീവ്, എസ്ഐമാരായ എം. മനീഷ്, ബാലസുബ്രഹ്മണ്യൻ, സിപിഒമാരായ സൂരജ്, ശ്യാംകുമാർ, റോബി ഐസക് എന്നിവരാണ് കേസ് അന്വേഷിച്ചത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## വീട്ടുകാരെ കെട്ടിയിട്ട് ആഭരണങ്ങളും പണവും കവർന്നു

കോയമ്പത്തൂർ: പീളമേട് ഭാഗത്ത് ഇന്നലെ പുലർച്ചെ അഞ്ചുപേരെ കെട്ടിയിട്ട് കത്തികാട്ടി ഭീഷണിപ്പെടുത്തി 40 ലക്ഷം രൂപയുടെ ആഭരണങ്ങൾ കവർച്ച ചെയ്തു. ഉപ്പിലിപ്പാളയം ഭാഗത്ത് ഹാർഡ്വെയർ സ്റ്റോർ നടത്തുന്ന മുഹമ്മദിൻറെ പീളമേട് പുരാണി കോളനിയിലെ വീട്ടിലാണ് കവർച്ച. മുഹമ്മദും പിതാവും ഭാര്യയും രണ്ട് പെൺമക്കളുമാണ് വീട്ടിലുണ്ടായിരുന്നത്. വീടിൻറെ മുൻവശത്തെ വാതിൽ തകർത്ത് അകത്തുകടന്ന നാലംഗ സംഘം കത്തികാട്ടി ഭീഷണിപ്പെടുത്തി വീട്ടിലുണ്ടായിരുന്ന അഞ്ചുപേരെയും കെട്ടിയിട്ട് ആഭരണങ്ങളും പണവും കവരുകയായിരുന്നു.

മക്കയിലേക്ക് പോകാനായി 10 ലക്ഷം രൂപ സൂക്ഷിച്ചിരുന്നു. ഇതും ഇരുപതോളം പവൻ സ്വർണ, ഡയമണ്ട് മാലകളും വിദേശ കറൻസി നോട്ടുകളും വിലകൂടിയ വാച്ചും ഉൾപ്പെടെ 40 ലക്ഷം രൂപ വിലമതിക്കുന്ന ആഭരണങ്ങളും പണവുമാണ് കവർച്ച നടത്തിയത്. മോഷ്ടാക്കൾ സ്ഥലം വിട്ടതോടെ വീട്ടിലുണ്ടായിരുന്നവർ ബഹളം വച്ചതിനെ തുടർന്ന് പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. അസിസ്റ്റൻറ് കമ്മീഷണർമാരായ ഗണേശൻ, പാർത്ഥിപൻ എന്നിവർ സംഭവസ്ഥലത്ത് അന്വേഷണം നടത്തുകയും സംഭവത്തിൽ ഉൾപ്പെട്ടവരെ പിടികൂടാൻ നാല് പ്രത്യേക സംഘങ്ങൾ രൂപവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

## കറങ്ങിത്തിരിഞ്ഞെത്തി, വെയിലിൽ വെന്തുരുകി മത്സരാർഥികൾ

മുന്നാട്: മാനന്തവാടിയിലും കണ്ണൂർ ജില്ലയുടെ മലയോരമേഖലയിൽ നിന്നുമുള്ള വിദ്യാർഥികളും അധ്യാപകരും മുന്നാട് എന്നു കേട്ടപ്പോൾ എത്തിപ്പെടാൻ ഇത്രയും ബുദ്ധിമുട്ടുള്ള ഒരു സ്ഥലമാണെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ബസിലോ ട്രെയിനിലോ കിലോമീറ്ററുകൾ സഞ്ചരിച്ച് കാഞ്ഞങ്ങാട്ടോ കാസർഗോട്ടോ എത്തിയാലും വീണ്ടും ഒന്നരമണിക്കൂറോളം ബസ് യാത്ര വേണം ഇവിടെയെത്താൻ. ആവശ്യത്തിന് ബസുകളുമില്ല. ഉള്ളവയിലാണെങ്കിൽ പൂരത്തിരക്ക്. കോളജ് ബസുകളില്ലാതെ മുന്നാട്ടേക്ക് യാത്ര പുറപ്പെട്ടവർ അക്ഷരാർഥത്തിൽ ആകെ ചുറ്റിത്തിരിഞ്ഞ് വലയുകതന്നെ ചെയ്തു.

കാഞ്ഞങ്ങാട്, കാസർഗോഡ് നഗരങ്ങളിൽ നിന്ന് ബന്തടുക്കയിലേക്ക് പോകുന്ന ബസുകളിൽ കയറിയാൽ മുന്നാട് എത്താം. ദേശീയപാതയിലെ പൊയിനാച്ചി ജംഗ്ഷനിൽ നിന്നാണ് ബസുകൾ ഇങ്ങോട്ട് തിരിഞ്ഞു പോകുന്നത്. കോളജ് ബസുകളിലോ സ്വകാര്യ വാഹനങ്ങളിലോ ആണെങ്കിൽ പെരിയയിൽ നിന്ന് തിരിഞ്ഞ് മൂന്നാംകടവ് വഴിയോ ആയംകടവ് വഴിയോ അല്പം കൂടി കുറഞ്ഞ ദൂരത്തിൽ ഇവിടെയെത്താം.

കറങ്ങിത്തിരിഞ്ഞ് ഇവിടെയെത്തിയപ്പോൾ കടുത്ത വെയിൽച്ചൂടും പൊടിയും മത്സരാർഥികളെ അതിലേറെ വലച്ചു. ക്ലേ മോഡലിംഗ് വേദിയിൽ ശില്പങ്ങൾ പൂർത്തിയാകുന്നതിനുമുമ്പേ പൊരിവെയിലത്ത് വിണ്ടുകീറാൻ തുടങ്ങിയപ്പോൾ ഡെസ്കുകളെല്ലാം എടുത്ത് വരാന്തയിലേക്ക് മാറ്റേണ്ടിവന്നു. പ്രധാന വേദികളിലും തണലുള്ള ഇടങ്ങൾ തീരെ കുറവായിരുന്നു.

## ചിട്ടി തട്ടിപ്പ്: ഏകോപന സമിതി ഓഫീസിന് മുന്നിൽ നിക്ഷേപകരുടെ സമരം

കണ്ണൂർ: വ്യാപാരി വ്യവസായി ഏകോപന സമിതി കേളകം യൂണിറ്റ് നടത്തിയ ചിട്ടി, ആഴ്ച കുറി, ഡെപ്പോസിറ്റുകൾ എന്നിവ നിക്ഷേപകർക്ക് തിരിച്ചു നൽകാത്തതിൽ പ്രതിഷേധിച്ച് നിക്ഷേപകർ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏകോപന സമിതിയുടെ കണ്ണൂരിലെ ജില്ലാ കമ്മിറ്റി ഓഫീസിനു മുന്നിൽ ധർണ നടത്തി.

ആക്ഷൻ കമ്മിറ്റി പ്രസിഡൻറ് കെ. പി. ജോളി ഉദ്ഘാടനം ചെയ്തു. അറുപതിലധികം നിക്ഷേപകർക്കായി രണ്ട് കോടിയിലധികം രൂപയാണ് വ്യാപാര വ്യവസായി ഏകോപനസമിതി കേളകം യൂണിറ്റ് നല്കാനുള്ളതായി ആക്ഷൻ കമ്മിറ്റി ആരോപിച്ചു. ഭരണസമിതിയോട് ഇതേക്കുറിച്ച് ചോദിക്കുന്പോൾ തങ്ങൾ പണം കൈപ്പറ്റിയിട്ടില്ലെന്നും ഉത്തരവാദിത്തം പഴയ കമ്മിറ്റിക്കാണെന്നും പറഞ്ഞ് കൈയൊഴിയുകയാണെന്നും ആക്ഷൻ കമ്മിറ്റി ഭാരവാഹികൾ പറഞ്ഞു. മുൻധാരണ പ്രകാരം യൂണിറ്റിൻറെ ആസ്തികൾ വിറ്റ് നിക്ഷേപകരുടെ പണം തിരികെ നല്കാനുള്ള നടപടിയും ഭരണസമിതി സ്വീകരിക്കുന്നില്ല.

ജില്ലാ കമ്മിറ്റിക്ക് നിരവധി തവണ പരാതി നൽകിയിട്ടും നടപടി ഉണ്ടാകാത്ത സാഹചര്യത്തിലാണ് നിക്ഷേപകർ പ്രത്യക്ഷ സമരത്തിലേക്കിറങ്ങിയതെന്ന് ഭാരവാഹികളായ പി. കെ. കുഞ്ഞുമോനും കെ. പി. ജോളിയും പറഞ്ഞു. 15 നകം നിക്ഷേപ തുക തിരിച്ച് നൽകിയില്ലെങ്കിൽ പരസ്പര സഹായനിധി, കുറി എന്നീ സാന്പത്തിക ഇടപാടുകൾ നടത്തുന്നതിൽ നിന്ന് വ്യാപാരികളെ വിലക്കണമെന്നു കാണിച്ച് നിയമ നടപടിയടക്കം സ്വീകരിക്കുമെന്നും സമരത്തിന് ശേഷം നടത്തിയ പത്രസമ്മേളനത്തിൽ ഇവർ പറഞ്ഞു. ചിട്ടികളിലൂടെ ലഭിച്ച പണം ബ്ലേഡിന് നൽകി അന്നത്തെ ചില ഭാരവാഹികൾ സ്വന്തം പേരിൽ ഭൂമി വാങ്ങിയിതായും ഇവർ ആരോപിച്ചു. പത്രസമ്മേളനത്തിൽ രാജൻ കൊച്ചിൻ, ജോൺസൺ നോവ, സൂരജ് കണ്ണാലിയൻ എന്നിവരും പങ്കെടുത്തു.

## കിനാനൂർകരിന്തളം ഹരിതഗ്രാമം പദ്ധതി

വെള്ളരിക്കുണ്ട്: ഹരിതഗ്രാമം കിനാനൂർകരിന്തളം പഞ്ചായത്ത് ശുചിത്വ പഞ്ചായത്തായി മാറ്റുന്നതിൻറെ ഭാഗമായി ഒമ്പതാം വാർഡ് ശുചിത്വ വാർഡായി മാറ്റാൻ ഹരിതസഭ യോഗം തീരുമാനിച്ചു. തുടക്കമെന്ന നിലയിൽ ഹരിതഗ്രാമത്തിൻറെ ഉദ്ഘാടനം വെള്ളരിക്കുണ്ട് സഹൃദയ വായനശാല പ്രവർത്തകർ വായനശാല പരിസരത്ത് ചെടികൾ നട്ട് സംരക്ഷിക്കാൻ തീരുമാനിച്ചു. പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. എച്ച്. അബ്ദുൾ നാസർ ഒമ്പതാം വാർഡ് മെംബർ എം. ബി. രാഘവനും പത്താം വാർഡ് മെംബർ സിൽവി ജോസഫിനും ചെടിച്ചട്ടികൾ നൽകി ഉദ്ഘാടനം ചെയ്തു. വി. ബി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജെഎച്ച്ഐ രാഗേഷ് കുമാർ, രമ്യ ഹരീഷ്, രമണി രവി എന്നിവർ പ്രസംഗിച്ചു. വിനോദ് പന്നിത്തടം സ്വാഗതവും രജനി മുരളി നന്ദിയും പറഞ്ഞു.

## അപേക്ഷ തീയതി നീട്ടി

ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ്സ് (എങഏ’െ) വിദ്യാർഥികൾ ഇന്റേൺഷിപ്പ് അലോട്ട്മെന്റിന് അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 8 ൽ നിന്നും ഫെബ്രുവരി 18 ലേക്ക് മാറ്റി നിശ്ചയിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക്: www.dme.kerala.gov.in.

## അലുംമ്നി ആഘോഷം

തിരുവനന്തപുരം ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ 10ന് രാവിലെ 10 മണിക്ക് അലുംമ്നി ദിനാഘോഷവും വാർഷിക പൊതുയോഗവും സംഘടിപ്പിച്ചു. കോളേജിലെ പൂർവ വിദ്യാർഥികളും അധ്യാപകരും പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9847245617.

## വണ്ടിപ്പെരിയാർ കേസിൽ പുനരന്വേഷണം വേണം: ഹൈക്കോടതിയിൽ പെൺകുട്ടിയുടെ അമ്മ

ഇടുക്കി: വണ്ടിപ്പെരിയാർ കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ച് കുട്ടിയുടെ അമ്മ. ഹൈക്കോടതി മേൽനോട്ടത്തിൽ ഐപിഎസ് റാങ്കിലുള്ള ഉദ്യോഗസ്ഥനെ നേതൃത്വത്തിൽ അന്വേഷണം വേണമെന്നാണ് ആവശ്യം. കേസിൽ കുറ്റവാളികളെ രക്ഷിക്കാൻ അന്വേഷണ ഏജൻസിയുടെ ഭാഗത്തുനിന്ന് ശ്രമം ഉണ്ടായെന്നും തെളിവുകളുടെ അഭാവത്തിലാണ് പ്രതിയെ വെറുതെ വിട്ടതെന്നും റിട്ട് ഹർ!ജിയിൽ അമ്മ ആരോപിക്കുന്നു. സംഭവം നടന്ന് മൂന്ന് ദിവസത്തിനു ശേഷം മാത്രമാണ് തെളിവുകൾ ശേഖരിച്ചത്. ഇത് കോടതിയിൽ ഹാജരാക്കിയത് ഏഴു ദിവസങ്ങൾക്ക് ശേഷമാണ്. ഡിഎൻഎ പരിശോധന നടത്തുന്നതിന് സാധിച്ചില്ലെന്നും ഹർജിയിൽ പറയുന്നു.

## 400 വീടുകൾ നിർമിക്കുമെന്ന് ജില്ലാ പഞ്ചായത്ത്

കാസർഗോഡ്: ജില്ലയുടെ 40ാം വാർഷികത്തിൻറെ ഭാഗമായി നികേതനംനവകേരള ഭവനപദ്ധതിയുടെ ഭാഗമായി 400 ഭവനങ്ങൾ നിർമിക്കുമെന്ന് ജില്ലാ പഞ്ചായത്ത് ബജറ്റിൽ പ്രഖ്യാപനം.

നവകേരളസദസിൻറെ ഭാഗമായി ജില്ലയിൽ നിന്ന് ലഭിച്ച ഭവന നിർമാണത്തിനുള്ള അപേക്ഷകൾക്ക് പരമ പരിഗണന നൽകിയാകും പദ്ധതി നടപ്പാക്കുകയെന്നും സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം, ത്രിതല പഞ്ചായത്തുകൾ, സർവീസ് സംഘടനകൾ, സിഎസ്ആർ ഫണ്ട് എന്നിവ സംയോജിപ്പിച്ചാകും പദ്ധതി നടപ്പിലാക്കുകയെന്നും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷാനവാസ് പാദൂർ പറഞ്ഞു.

82,06,80, 995 രൂപ വരവും 81,05,82,500 രൂപ ചെലവും 1,00, 98,495 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചത്.